## മൂപ്പന്മാർക്കും
## ഉത്തരവാദിത്തപ്പെട്ട സഹോദരന്മാർക്കും വേണ്ടിയുള്ള
## അന്തർദേശീയ പരിശീലനം

ഏപ്രിൽ 2024

## ദൈവത്തിന്റെ വ്യവസ്ഥയുടെ നിസ്തുല ശുശ്രൂഷയിലുള്ള നമ്മുടെ ശുശ്രൂഷ പൂർണമായി നിർവഹിക്കുന്നതിന് ക്രിസ്തു യേശുവിലുള്ള കൃപയിൽ ശക്തിപ്പെട്ടുകൊണ്ട്, മാനത്തിനായുള്ള ഒരു പാത്രം, പൂർണമായി സജ്ജമാക്കപ്പെട്ട ഒരു ദൈവത്തിന്റെ മനുഷ്യൻ ആയിരിക്കുക

ദൂത് ഏഴ്

### ക്രിസ്തുവിന്റെ ശരീരമായ സഭയുടെ ജൈവിക കെട്ടുപണിക്കുവേണ്ടി ജീവകൃപയുടെ പഥ്യവചനങ്ങൾ സംസാരിച്ചുകൊണ്ട് ദൈവത്തിന്റെ നിത്യവ്യവസ്ഥയെക്കുറിച്ചുള്ള പഥ്യോപദേശം ശുശ്രൂഷിക്കുവാൻ നമ്മെ പ്രാപ്തരാക്കുന്നതിന്നതിലൂടെ നമ്മേ ശക്തിപ്പെടുത്തുന്ന കൃപയായിരിക്കുവാൻ കർത്താവ് നമ്മുടെ ആത്മാവിനാടുകൂടെ ആയിരിക്കുന്നു

തിരുവെഴുത്ത് വായന:2തിമൊ.1:13-14;2:1;4:22;1തിമൊ.1:10;6:3;
2കൊരി. 1:12;12:9; വെളി. 22:21

2 തിമൊ. 1:13 ക്രിസ്തു യേശുവിലുള്ള വിശ്വാസത്തിലും സ്നേഹത്തിലും, എന്നിൽ നിന്നു കേട്ട പഥ്യവചനങ്ങളുടെ മാതൃക പിടിച്ചുകൊള്ളുക.

2 തിമൊ. 1:14 നമ്മിൽ വസിക്കുന്ന പരിശുദ്ധാത്മാവ് മുഖാന്തരം ആ നല്ല നിക്ഷേപം കാക്കുക.

2 തിമൊ. 2:1 അതുകൊണ്ട് എന്റെ മകനേ, നീ ക്രിസ്തു യേശുവിലുള്ള കൃപയിൽ ശക്തിപ്പെടുക;

2 തിമൊ. 4:22 കർത്താവ് നിന്റെ ആത്മാവോടുകൂടെ ഇരിക്കട്ടെ. കൃപ നിങ്ങളോടു കൂടെ ഇരിക്കട്ടെ.

1 തിമൊ. 1:10 പരസംഗക്കാർക്കും, സ്വവർഗഭോഗികൾക്കും, തട്ടിക്കൊണ്ടു പോകുന്നവർക്കും, നുണയന്മാർക്കും, കള്ളസത്യം ചെയ്യുന്നവർക്കും,

1 തിമൊ. 6:3 ഒരുവൻ വ്യത്യസ്ത കാര്യങ്ങൾ ഉപദേശിക്കുകയും നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ പഥ്യവചനങ്ങളോടും ദൈവികതയ്ക്ക് ഒത്തവണ്ണമുള്ള ഉപദേശത്തോടും യോജിക്കാതെയിരുന്നാൽ,

2 കൊരി. 1:12 ഞങ്ങൾ ലോകത്തിൽ, അതിലുപരി നിങ്ങളുടെ മുമ്പാകെ, ജഡിക ജ്ഞാനത്തിൽ അല്ല ദൈവകൃപയിലത്രേ, ദൈവത്തിന്റെ ഏകാഗ്രതയിലും ആത്മാർഥതയിലും, ഞങ്ങളെത്തന്നെ നടത്തിയിരിക്കുന്നു എന്ന ഞങ്ങളുടെ മനസ്സാക്ഷിയുടെ സാക്ഷ്യം, ഞങ്ങളുടെ പ്രശംസയാകുന്നു.

2 കൊരി. 12:9 അവൻ എന്നോട്, എന്റെ കൃപ നിനക്ക് മതി, എന്റെ ശക്തി ബലഹീനതയിൽ തികഞ്ഞുവരുന്നു എന്ന് പറഞ്ഞു. അതുകൊണ്ട് ക്രിസ്തുവിന്റെ ശക്തി എന്റെമേൽ കൂടാരമടിക്കേണ്ടതിന്, ഞാൻ അതിസന്തോഷത്തോടെ എന്റെ ബലഹീനതകളിൽ പ്രശംസിക്കും.

വെളി. 22:21 കർത്താവായ യേശുവിന്റെ കൃപ സകല വിശുദ്ധന്മാരോടുംകൂടെ ഇരിക്കട്ടെ. ആമേൻ.

**I. നമ്മുടെ ശക്തിപ്പെടുത്തുന്ന കൃപയായി നാം അവനെ ആസ്വദിക്കേണ്ടതിന് കർത്താവ് നമ്മുടെ ആത്മാവോടുകൂടെയുണ്ട്, അത് ക്രിസ്തുവിന്റെ**

**ശരീരമെന്ന നിലയിൽ സഭയുടെ ജൈവിക കെട്ടുപണിക്കായി ജീവന്റെ കൃപയുടെ പഥ്യവചനങ്ങളെ സംസാരിച്ചുകൊണ്ട് ദൈവത്തിന്റെ നിത്യ വ്യവസ്ഥയെക്കുറിച്ചുള്ള പഥ്യോപദേശം ശുശ്രൂഷിക്കുവാൻ നമ്മെ പ്രാപ്തരാക്കുന്നു—2 തിമൊ.1:13-14; 2:1; 4:22; 1 തിമൊ.1:3-4, 10; 6:3; 2 കൊരി. 1:12; 12:9; എഫെ. 4:16; വെളി. 22:21:**

2 തിമൊ. 1:13 ക്രിസ്തു യേശുവിലുള്ള വിശ്വാസത്തിലും സ്നേഹത്തിലും, എന്നിൽ നിന്നു കേട്ട പഥ്യവചനങ്ങളുടെ മാതൃക പിടിച്ചുകൊള്ളുക.

2 തിമൊ. 1:14 നമ്മിൽ വസിക്കുന്ന പരിശുദ്ധാത്മാവ് മുഖാന്തരം ആ നല്ല നിക്ഷേപം കാക്കുക.

2 തിമൊ. 2:1 അതുകൊണ്ട് എന്റെ മകനേ, നീ ക്രിസ്തു യേശുവിലുള്ള കൃപയിൽ ശക്തിപ്പെടുക;

2 തിമൊ. 4:22 കർത്താവ് നിന്റെ ആത്മാവോടുകൂടെ ഇരിക്കട്ടെ. കൃപ നിങ്ങളോടു കൂടെ ഇരിക്കട്ടെ.

1 തിമൊ. 1:3 ഞാൻ മക്കെദോന്യയിലേക്കു പോകുമ്പോൾ ചിലരോട് വ്യത്യസ്ത കാര്യങ്ങൾ ഉപദേശിക്കരുതെന്നും,

1 തിമൊ. 1:4 വിശ്വാസത്തിലുള്ള ദൈവവ്യവസ്ഥയെക്കാൾ ചോദ്യംചെയ്യലുകൾ ഉളവാക്കുന്ന കെട്ടുകഥകൾക്കും അന്തമില്ലാത്ത വംശാവലികൾക്കും ശ്രദ്ധ കൊടുക്കരുതെന്നും ആജ്ഞാപിക്കേണ്ടതിന് നീ എഫെസൊസിൽ തുടരുവാൻ ഞാൻ നിന്നെ പ്രബോധിപ്പിച്ചതു പോലെ തന്നെ.

1 തിമൊ. 1:10 പരസംഗക്കാർക്കും, സ്വവർഗഭോഗികൾക്കും, തട്ടിക്കൊണ്ടു പോകുന്നവർക്കും, നുണയന്മാർക്കും, കള്ളസത്യം ചെയ്യുന്നവർക്കും,

1 തിമൊ. 6:3 ഒരുവൻ വ്യത്യസ്ത കാര്യങ്ങൾ ഉപദേശിക്കുകയും നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ പഥ്യവചനങ്ങളോടും ദൈവികതയ്ക്ക് ഒത്തവണ്ണമുള്ള ഉപദേശത്തോടും യോജിക്കാതെയിരുന്നാൽ,

2 കൊരി. 1:12 ഞങ്ങൾ ലോകത്തിൽ, അതിലുപരി നിങ്ങളുടെ മുമ്പാകെ, ജഡിക ജ്ഞാനത്തിൽ അല്ല ദൈവകൃപയിലത്രേ, ദൈവത്തിന്റെ ഏകാഗ്രതയിലും ആത്മാർഥതയിലും, ഞങ്ങളെത്തന്നെ നടത്തിയിരിക്കുന്നു എന്ന ഞങ്ങളുടെ മനസ്സാക്ഷിയുടെ സാക്ഷ്യം, ഞങ്ങളുടെ പ്രശംസയാകുന്നു.

2 കൊരി. 12:9 അവൻ എന്നോട്, എന്റെ കൃപ നിനക്ക് മതി, എന്റെ ശക്തി ബലഹീനതയിൽ തികഞ്ഞുവരുന്നു എന്ന് പറഞ്ഞു. അതുകൊണ്ട് ക്രിസ്തുവിന്റെ ശക്തി എന്റെമേൽ കൂടാരമടിക്കേണ്ടതിന്, ഞാൻ അതിസന്തോഷത്തോടെ എന്റെ ബലഹീനതകളിൽ പ്രശംസിക്കും.

എഫെ. 4:16 അവനിൽനിന്ന് ശരീരം മുഴുവനും, സമ്പന്ന സഹായത്തിന്റെ സകല സന്ധിയിലൂടെയും ഓരോ അംഗത്തിന്റെ അളവിലുള്ള, വ്യാപാരത്തിലൂടെയും കൂട്ടിച്ചേർക്കപ്പെട്ടും കൂട്ടിയിണയ്ക്കപ്പെട്ടുംകൊണ്ട്, സ്നേഹത്തിൽ അതിന്റെതന്നെ കെട്ടുപണിക്കായി ശരീരത്തിന്റെ വളർച്ചയ്ക്ക് ഇടയാക്കുന്നു.

വെളി. 22:21 കർത്താവായ യേശുവിന്റെ കൃപ സകല വിശുദ്ധന്മാരോടുംകൂടെ ഇരിക്കട്ടെ. ആമേൻ.

A. 2 തിമൊഥെയൊസ് നമ്മുടെ ദൈവദത്തമായ ആത്മാവിനെ വീശി ജ്വലിപ്പിക്കുന്നതിൽനിന്ന് ആരംഭിക്കുകയും നമ്മുടെ ക്രിസ്തീയ ജീവിതത്തിന്റെയും സഭാ ജീവിതത്തിന്റെയും അപ്രമേയമാം സമ്പന്നമായ മൂലധനമെന്ന നിലയിൽ നമ്മെശക്തിപ്പെടുത്തുന്ന കൃപയാകുവാൻ കർത്താവ് നമ്മുടെ ആത്മാവോടുകൂടെ ആയിരുന്നുകൊണ്ട് അവസാനിക്കുകയും ചെയ്യുന്നു—1:6-7; 4:22; എഫെ. 2:7; 3:8.

2 തിമൊ. 1:6 ഇതു നിമിത്തം എന്റെ കൈവയ്പിലൂടെ നിന്നിലുള്ള ദൈവത്തിന്റെ വരത്തെ വീശി ജ്വലിപ്പിക്കണമെന്ന് ഞാൻ നിന്നെ ഓർമിപ്പിക്കുന്നു.

2 തിമൊ. 1:7 ദൈവം നമുക്ക് ഭീരുത്വത്തിന്റെ ആത്മാവിനെയല്ല, ശക്തിയുടെയും സ്നേഹത്തിന്റെയും സുബോധത്തിന്റെയും ആത്മാവിനെയത്രേ നൽകിയിരിക്കുന്നത്.

2 തിമൊ. 4:22 കർത്താവ് നിന്റെ ആത്മാവോടുകൂടെ ഇരിക്കട്ടെ. കൃപ നിങ്ങളോടു കൂടെ ഇരിക്കട്ടെ.

എഫെ. 2:7 വരുവാനുള്ള യുഗങ്ങളിൽ ക്രിസ്തു യേശുവിൽ നമ്മോടുള്ള ദയയാൽ അവന്റെ കൃപയുടെ അളവറ്റ ധനം പ്രദർശിപ്പിക്കേണ്ടതിനു തന്നെ.

എഫെ. 3:8 സകല വിശുദ്ധന്മാരിലും ഏറ്റവും ചെറിയവനിലും ചെറിയവനായ എനിക്ക്, ജാതികളോട് ക്രിസ്തുവിന്റെ അപ്രമേയ ധനത്തെ സുവിശേഷമായി അറിയിക്കുവാനും,

B. 2 തിമൊഥെയൊസ് നമ്മെ രക്ഷിക്കുന്ന കൃപയെന്ന നിലയിൽ അത്ഭുതകരമായ ക്രിസ്തുവോടുകൂടെ ആരംഭിക്കുകയും, നമ്മെ ശക്തിപ്പെടുത്തുന്ന കൃപയെന്ന നിലയിൽ അവനോടുകൂടെ തുടരുകയും, നമ്മുടെ എന്നേക്കുമുള്ള കൃപയെന്ന നിലയിൽ അവനോടുകൂടെ അവസാനിക്കുകയും ചെയ്യുന്നു—1:9-10; 2:1; 4:22.

2 തിമൊ. 1:9 അവൻ നമ്മെ രക്ഷിക്കുകയും വിശുദ്ധ വിളിയാൽ വിളിക്കുകയും ചെയ്തത്, നമ്മുടെ പ്രവൃത്തികൾക്കൊത്തവണ്ണമല്ല തന്റെ സ്വന്തം ഉദ്ദേശ്യത്തിനും കൃപയ്ക്കും ഒത്തവണ്ണമത്രേ, അത് യുഗങ്ങളുടെ കാലങ്ങൾക്കു മുമ്പേ ക്രിസ്തു യേശുവിൽ നമുക്കു നൽകപ്പെട്ടിരുന്നു,

2 തിമൊ. 1:10 എന്നാൽ ഇപ്പോൾ നമ്മുടെ രക്ഷകനായ ക്രിസ്തു യേശുവിന്റെ പ്രത്യക്ഷതയിലൂടെ വെളിവായിരിക്കുന്നു, അവൻ മരണത്തെ ഇല്ലാതാക്കുകയും സുവിശേഷത്തിലൂടെ ജീവനെയും അദ്രവത്വത്തെയും വെളിച്ചത്തിലേക്ക് കൊണ്ടുവരുകയും ചെയ്തു,

2 തിമൊ. 2:1 അതുകൊണ്ട് എന്റെ മകനേ, നീ ക്രിസ്തു യേശുവിലുള്ള കൃപയിൽ ശക്തിപ്പെടുക;

2 തിമൊ. 4:22 കർത്താവ് നിന്റെ ആത്മാവോടുകൂടെ ഇരിക്കട്ടെ. കൃപ നിങ്ങളോടു കൂടെ ഇരിക്കട്ടെ.

## II. "ഒടുക്കത്തെ ആദാം ജീവൻ-നൽകുന്ന ആത്മാവായിത്തീർന്നു" (1 കൊരി. 15:45), "കർത്താവ് ആത്മാവാകുന്നു" (2 കൊരി. 3:17), "കർത്താവ് നിന്റെ ആത്മാവോടുകൂടെ ഇരിക്കട്ടെ" (2 തിമൊ. 4:22), "കർത്താവിനോട് പറ്റിച്ചേരുന്നവൻ അവനുമായി ഏകാത്മാവ് ആകുന്നു" (1 കൊരി. 6:17):

A. ആത്മാവെന്ന നിലയിൽ കർത്താവ് നമ്മുടെ ആത്മാവോടുകൂടെയുള്ള, രണ്ട് ആത്മാക്കൾ ഇഴുകിച്ചേർന്ന ഏകാത്മാവ്, വീണ്ടുംജനിച്ച ത്രിഭാഗീയ വിശ്വാസികളും പരിണതിപ്രാപിച്ചവനായ ത്രിയേക ദൈവവും തമ്മിലുള്ള ആത്മിക കൂട്ടായ്മയുടെ താക്കോലാണ്—റോമ. 8:16; യോഹ. 4:24; റോമ. 1:9.

റോമ. 8:16 നാം ദൈവമക്കളാകുന്നു എന്ന് ആത്മാവുതാനും നമ്മുടെ ആത്മാവോടുകൂടെ സാക്ഷ്യപ്പെടുത്തുന്നു.

യോഹ. 4:24 ദൈവം ആത്മാവ് ആകുന്നു, അവനെ ആരാധിക്കുന്നവർ ആത്മാവിലും സത്യസന്ധതയിലും ആരാധിക്കണം.

റോമ. 1:9 ഒടുവിൽ ഏതെങ്കിലും വിധത്തിൽ നിങ്ങളുടെ അടുക്കൽ വരുവാൻ ദൈവഹിതത്തിൽ ഞാൻ അഭിവൃദ്ധിപ്പെടേണ്ടതിന് അപേക്ഷിച്ചുകൊണ്ട്,

B. ആത്മാവെന്ന നിലയിൽ കർത്താവ് നമ്മുടെ ആത്മാവോടുകൂടെ, രണ്ട് ആത്മാക്കൾ ചേർന്ന് ഏകാത്മാവായി പ്രവർത്തിക്കുന്നത്, ദൈവത്തിന്റെ ജൈവിക രക്ഷയുടെ എല്ലാ വശങ്ങളുടെയും

വൈദഗ്ധ്യവും രഹസ്യവുമാണ്—8:16; യോഹ. 3:6; തീത്തൊ. 3:5; എഫെ. 4:23; 2 കൊരി. 3:17-18.

റോമ. 8:16 നാം ദൈവമക്കളാകുന്നു എന്ന് ആത്മാവുതാനും നമ്മുടെ ആത്മാവോടുകൂടെ സാക്ഷ്യപ്പെടുത്തുന്നു.

യോഹ. 3:6 ജഡത്തിൽനിന്ന് ജനിച്ചിരിക്കുന്നത് ജഡമാകുന്നു, ആത്മാവിൽനിന്ന് ജനിച്ചിരിക്കുന്നത് ആത്മാവാകുന്നു.

തീത്തൊ. 3:5 നാം ചെയ്ത, നീതിപ്രവൃത്തികളാൽ അല്ല, അവന്റെ കരുണപ്രകാരം പുനർജനന കഴുകലിലൂടെയും, നമ്മുടെ രക്ഷകനായ യേശു ക്രിസ്തു മുഖാന്തരം സമ്പന്നമായി നമ്മുടെ മേൽ അവൻ ഒഴിച്ച,

എഫെ. 4:23 നിങ്ങളുടെ മനസ്സിന്റെ ആത്മാവിൽ പുതുക്കപ്പെടുകയും,

2 കൊരി. 3:17 കൂടാതെ കർത്താവ് ആത്മാവാകുന്നു; കർത്താവിന്റെ ആത്മാവ് എവിടെയോ, അവിടെ സ്വാതന്ത്ര്യമുണ്ട്.

2 കൊരി. 3:18 എന്നാൽ ഞങ്ങൾ എല്ലാവരും മൂടുപടം നീങ്ങിയ മുഖത്തോടെ, കർത്താവിന്റെ തേജസ്സിനെ കണ്ണാടിപോലെ നോക്കുകയും പ്രതിബിംബിക്കുകയും ചെയ്തുകൊണ്ട്, കർത്താവായ ആത്മാവിൽ നിന്നെന്നപോലെ, തേജസ്സിൽ നിന്ന് തേജസ്സ് പ്രാപിച്ച് അതേ സ്വരൂപത്തിലേക്ക് രൂപാന്തരപ്പെടുന്നു.

**III. കൃപ എന്നത് ചംക്രമണംചെയ്യുന്ന ത്രിയേകദൈവം, നമ്മുടെ ആസ്വാദനത്തിനായി പ്രവർത്തിക്കുന്നതും, ഒഴുകുന്നതും, ആശയവിനിമയം നടത്തുന്നതും, കൊണ്ടുപോകുന്നതും, പ്രസരണം ചെയ്യുന്നതും, പകരുന്നതും ആണ്; നമ്മുടെ ഉള്ളിലെ ദിവ്യ ത്രിത്വത്തിന്റെ ചംക്രമണം എന്ന നിലയിൽ മുഴുവൻ സഭാ ജീവിതവും കൃപയെ ആശ്രയിച്ചിരിക്കുന്നു—13:14; 1പത്രൊ. 5:10; പ്ര.നി. എബ്രാ. 12:28:**

2 കൊരി. 13:14 കർത്താവായ യേശു ക്രിസ്തുവിന്റെ കൃപയും ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ കൂട്ടായ്മയും നിങ്ങൾ എല്ലാവരോടുംകൂടെ ഇരിക്കട്ടെ.

1 പത്രൊ. 5:10 എന്നാൽ ക്രിസ്തു യേശുവിൽ നിങ്ങളെ തന്റെ നിത്യതേജസ്സിലേക്ക് വിളിച്ചവനായ, സകല കൃപയുടെയും ദൈവം, നിങ്ങൾ അൽപകാലം കഷ്ടമനുഭവിച്ചശേഷം, താൻതന്നെ നിങ്ങളെ തികഞ്ഞവരാക്കി, ഉറപ്പിച്ച്, ബലപ്പെടുത്തി, അടിസ്ഥാനപ്പെടുത്തും.

എബ്രാ. 12:28a അതുകൊണ്ട് കുലുക്കമില്ലാത്ത രാജ്യം പ്രാപിക്കുന്നതുകൊണ്ട്, നമുക്ക് കൃപയുണ്ടായിരിക്കട്ടെ; ...

A. പുതിയനിയമത്തിൽ കൃപയെ സംബന്ധിച്ച ആദ്യത്തെ സംഭവം ദൈവത്തിന്റെ ജഡവതാരമാണ്—യോഹ. 1:14, 16-17:

യോഹ. 1:14 വചനം ജഡമായിത്തീർന്നു, കൃപയും യാഥാർഥ്യവും നിറഞ്ഞവനായി, നമ്മുടെ ഇടയിൽ കൂടാരമടിച്ചു, (ഞങ്ങൾ അവന്റെ തേജസ്സിനെ, പിതാവിൽനിന്ന് ഏകജാതനായവന്റെ തേജസ്സായി കണ്ടു).

യോഹ. 1:16 അവന്റെ നിറവിൽ നിന്ന് നമുക്ക് എല്ലാവർക്കും, കൃപമേൽ കൃപ ലഭിച്ചിരിച്ചിരിക്കുന്നു.

യോഹ. 1:17 ന്യായപ്രമാണം മോശെ മുഖാന്തരം നൽകപ്പെട്ടു; കൃപയും യാഥാർഥ്യവും യേശു ക്രിസ്തു മുഖാന്തരം വന്നു.

1. ദൈവം അവളെ സന്ദർശിക്കുവാൻ വന്നതിനാൽ മറിയ ദൈവത്താൽ കൃപ ചൊരിയപ്പെടുകയും, ദൈവത്തിനു മുമ്പാകെ കൃപ കണ്ടെത്തുകയും ചെയ്തു, അവൾ ഗർഭംധരിച്ച ദൈവവും മനുഷ്യനുമായ, ഒരു ദൈവ-മനുഷ്യനായ അത്ഭുതവാനായ വ്യക്തിയുടെ സാരംശമാകേണ്ടതിന് അവൻ അവളിലേക്ക് പ്രവേശിച്ച് അവളിൽ വസിച്ചു—ലൂക്കൊ. 1:28, 30, 35; മത്താ. 1:18, 20.

ലൂക്കൊ. 1:28 അവൻ അവളുടെ അടുക്കൽ വന്നു, കൃപ ലഭിച്ചിരിക്കുന്നവളേ! സന്തോഷിക്കുക, കർത്താവ് നിന്റെ കൂടെയുണ്ട് എന്നു പറഞ്ഞു.

ലൂക്കൊ. 1:30 ദൂതൻ അവളോടു പറഞ്ഞു, മറിയയേ, ഭയപ്പെടേണ്ട, നീ ദൈവത്തിനു മുമ്പാകെ കൃപ കണ്ടെത്തിയിരിക്കുന്നു.

ലൂക്കൊ. 1:35 ദൂതൻ അവളോട് ഉത്തരം പറഞ്ഞു, പരിശുദ്ധാത്മാവ് നിന്റെമേൽ വരും, അത്യുന്നതന്റെ ശക്തി നിന്റെമേൽ നിഴലിടും; അതുകൊണ്ടുതന്നെ ജനിക്കുന്ന വിശുദ്ധമായത് ദൈവപുത്രൻ എന്നു വിളിക്കപ്പെടും.

മത്താ. 1:18 യേശു ക്രിസ്തുവിന്റെ ഉത്ഭവം ഇപ്രകാരം ആയിരുന്നു: അവന്റെ അമ്മയായ മറിയ യോസേഫിനു വിവാഹം നിശ്ചയിക്കപ്പെട്ട ശേഷം, അവർ കൂടിവരുമ്മുമ്പേ, പരിശുദ്ധാത്മാവിൽനിന്ന് ഗർഭിണിയായി കാണപ്പെട്ടു.

മത്താ. 1:20 എന്നാൽ അവൻ ഈ കാര്യങ്ങൾ പരിചിന്തിച്ചിരിക്കുമ്പോൾ ഇതാ, കർത്താവിന്റെ ഒരു ദൂതൻ അവനു സ്വപ്നത്തിൽ പ്രത്യക്ഷനായി പറഞ്ഞു: ദാവീദിന്റെ മകനായ യോസേഫേ, നിന്റെ ഭാര്യയായ മറിയയെ എടുത്തു കൊള്ളുവാൻ ഭയപ്പെടേണ്ട, എന്തെന്നാൽ അവളിൽ ജനിച്ചിരിക്കുന്നത് പരിശുദ്ധാത്മാവിൽനിന്ന് ആകുന്നു.

2. ഈ തത്ത്വത്തിൽ, കൃപ എന്നത് നമ്മിൽ വസിക്കുവാനും, നമ്മിൽ ജനിക്കുവാനും, നമ്മോട് ഒന്നാകുവാനും, നാമായിത്തീരുവാനുമുള്ള ദൈവത്തിന്റെ സന്ദർശനമാണ്—ഗലാ. 1:15-16; 2:20; 4:19; ഫിലി. 1:21.

ഗലാ. 1:15 എന്നാൽ എന്റെ അമ്മയുടെ ഗർഭം മുതൽ എന്നെ വേർതിരിക്കുകയും തന്റെ കൃപയാൽ എന്നെ വിളിക്കുകയും ചെയ്ത ദൈവം,

ഗലാ. 1:16 ജാതികളുടെ ഇടയിൽ അവനെ സുവിശേഷമായി ഞാൻ അറിയിക്കേണ്ടതിന് തന്റെ പുത്രനെ എന്നിൽ വെളിപ്പെടുത്തുവാൻ പ്രസാദിച്ചപ്പോൾ, ഉടനെ ഞാൻ ജഡരക്തത്തോട് ആലോചിക്കുകയോ,

ഗലാ. 2:20 ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു; ഇനി ജീവിക്കുന്നത് ഞാൻ അല്ല, ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു; ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്ന ജീവനോ വിശ്വാസത്തിൽ, എന്നെ സ്നേഹിക്കുകയും എനിക്കു വേണ്ടി തന്നെത്താൻ ഏൽപ്പിച്ചു കൊടുക്കുകയും ചെയ്ത, ദൈവപുത്രന്റെ വിശ്വാസത്തിൽ ജീവിക്കുന്നു.

ഗലാ. 4:19 ക്രിസ്തു നിങ്ങളിൽ ഉരുവാകുവോളം നിങ്ങൾ നിമിത്തം ഞാൻ വീണ്ടും പ്രസവവേദനപ്പെടുന്ന എന്റെ കുഞ്ഞുങ്ങളേ,

ഫിലി. 1:21 എനിക്കു ജീവിക്കുന്നത് ക്രിസ്തുവും...

B. കൃപ എന്നത് മൂന്ന് ഭാവങ്ങളിൽ ത്രിയേക ദൈവത്തിന്റെ ദേഹരൂപമെന്ന നിലയിൽ അത്ഭുതവാനായ ക്രിസ്തുവാണ്: അവൻ ആയിരിക്കുന്നതിൽ, അവൻ നൽകുന്നതിൽ, നമ്മുടെ ആസ്വാദനത്തിനായി അവൻ നമുക്കുവേണ്ടി ചെയ്യുന്നതിൽ; നമ്മുടെ ആത്മാവിൽ വസിക്കുന്ന ജീവൻ-നൽകുന്ന ആത്മാവാകുവാനായി അവൻ പ്രക്രിയാവിധേയനും പരിണതിപ്രാപിച്ചവനും ആയതിനാൽ കൃപയെന്ന നിലയിൽ ക്രിസ്തുവിന് നമുക്ക് എല്ലാം ആയിത്തീരുവാൻ കഴിയും—ഗലാ. 6:18; ഫിലി. 4:23; ഫിലേ. 25:

ഗലാ. 6:18 സഹോദരന്മാരേ, നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ കൃപ

നിങ്ങളുടെ ആത്മാവോടുകൂടെ ഇരിക്കട്ടെ. ആമേൻ.

ഫിലി. 4:23 കർത്താവായ യേശു ക്രിസ്തുവിന്റെ കൃപ നിങ്ങളുടെ ആത്മാവോടു കൂടെ ഇരിക്കട്ടെ.

ഫിലേ. 1:25 കർത്താവായ യേശു ക്രിസ്തുവിന്റെ കൃപ നിങ്ങളുടെ ആത്മാവോടു കൂടെയിരിക്കട്ടെ..

1. കൃപ എന്നത് അത്ഭുതവാനായ ക്രിസ്തു താൻ ആയിരിക്കുന്നതാണ്—യോഹ.1:14, 17; 8:58; റോമ. 5:17, 21; 1 കൊരി. 15:10; പ്ര.നി. ഗലാ. 2:20.

    യോഹ. 1:14 വചനം ജഡമായിത്തീർന്നു, കൃപയും യാഥാർഥ്യവും നിറഞ്ഞവനായി, നമ്മുടെ ഇടയിൽ കൂടാരമടിച്ചു, (ഞങ്ങൾ അവന്റെ തേജസ്സിനെ, പിതാവിൽനിന്ന് ഏകജാതനായവന്റെ തേജസ്സായി കണ്ടു).

    യോഹ. 1:17 ന്യായപ്രമാണം മോശെ മുഖാന്തരം നൽകപ്പെട്ടു; കൃപയും യാഥാർഥ്യവും യേശു ക്രിസ്തു മുഖാന്തരം വന്നു.

    യോഹ. 8:58 യേശു അവരോട്, സത്യമായി, സത്യമായി, ഞാൻ നിങ്ങളോട് പറയുന്നു, അബ്രാഹാം ഉളവായതിനുമുമ്പേ, ഞാൻ ആകുന്നു എന്നു പറഞ്ഞു.

    റോമ. 5:17 ഏകന്റെ അതിക്രമത്താൽ ഏകനിലൂടെ മരണം വാണു എങ്കിൽ, കൃപയുടെയും നീതിയുടെ ഉപഹാരത്തിന്റെയും സമൃദ്ധി ലഭിക്കുന്നവർ, യേശു ക്രിസ്തു എന്ന ഏകനിലൂടെ എത്ര അധികമായി ജീവനിൽ വാഴും.

    റോമ. 5:21 എപ്രകാരം പാപം മരണത്തിൽ വാണുവോ, അപ്രകാരം തന്നെ കൃപ നീതിയിലൂടെ നിത്യജീവങ്കലേക്ക് നമ്മുടെ കർത്താവായ യേശു ക്രിസ്തുവിലൂടെ വാഴേണ്ടതിനു തന്നെ.

    1 കൊരി. 15:10 എന്നാൽ ദൈവത്തിന്റെ കൃപയാൽ ഞാൻ ആകുന്നത് ഞാൻ ആകുന്നു; എന്നോടുള്ള അവന്റെ കൃപ വ്യർഥമായിത്തീർന്നതുമില്ല, എന്നാൽ അതിന് വിരുദ്ധമായി, അവരിൽ എല്ലാവരിലും അത്യധികമായി ഞാൻ അധ്വാനിച്ചു, എങ്കിലും ഞാനല്ല എന്നോടുകൂടെയുള്ള ദൈവകൃപയത്രേ.

    ഗലാ. 2:20 ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു; ഇനി ജീവിക്കുന്നത് ഞാൻ അല്ല, ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു; ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്ന ജീവനോ വിശ്വാസത്തിൽ, എന്നെ സ്നേഹിക്കുകയും എനിക്കു വേണ്ടി തന്നെത്താൻ ഏൽപ്പിച്ചു കൊടുക്കുകയും ചെയ്ത, ദൈവപുത്രന്റെ വിശ്വാസത്തിൽ ജീവിക്കുന്നു.

2. കൃപ എന്നത് നമുക്ക് നൽകപ്പെട്ട, നമ്മിലേക്ക് പകരപ്പെട്ട, ക്രിസ്തുയേശുവിൽ വിശ്വാസത്തോടും സ്നേഹത്തോടും കൂടെ അത്യന്തം സമൃദ്ധമായ അത്ഭുതവാനായ ക്രിസ്തുവാണ്—1 തിമൊ.1:14:

    1 തിമൊ. 1:14 നമ്മുടെ കർത്താവിന്റെ കൃപ ക്രിസ്തു യേശുവിൽ വിശ്വാസത്തോടും സ്നേഹത്തോടും കൂടെ അത്യന്തം സമൃദ്ധമായി.

    a. നമുക്ക് എന്തെങ്കിലും കുറവുണ്ടെങ്കിൽ, ഈ കുറവ് ക്രിസ്തുവിലുള്ള നമ്മുടെ വളർച്ചയുടെ സമയോചിതമായ ആവശ്യം കണ്ടുമുട്ടുന്നതിനുള്ള കൃപയായി ക്രിസ്തുവിനെ അധികമായി നൽകപ്പെടുന്നതിനുള്ള അവസരമാണ്—എബ്രാ. 4:16; റോമ. 5:17; 2 കൊരി. 12:7-9; 1 പത്രൊ. 5:5.

എബ്രാ. 4:16 അതുകൊണ്ട് കരുണ ലഭിക്കുവാനും തക്കസമയത്തേക്കുള്ള സഹായത്തിനായി കൃപ കണ്ടെത്തുവാനും നമുക്ക് ധൈര്യത്തോടെ കൃപയുടെ സിംഹാസനത്തിലേക്കു മുമ്പോട്ടുവരാം.

റോമ. 5:17 ഏകന്റെ അതിക്രമത്താൽ ഏകനിലൂടെ മരണം വാണു എങ്കിൽ, കൃപയുടെയും നീതിയുടെ ഉപഹാരത്തിന്റെയും സമൃദ്ധി ലഭിക്കുന്നവർ, യേശു ക്രിസ്തു എന്ന ഏകനിലൂടെ എത്ര അധികമായി ജീവനിൽ വാഴും.

2 കൊരി. 12:7 വെളിപാടുകളുടെ അതിവിശിഷ്ടത നിമിത്തം, ഞാൻ അത്യന്തം ഉയർത്തപ്പെടാതിരിക്കേണ്ടതിന്, എനിക്ക് ജഡത്തിൽ ഒരു മുള്ള്, സാത്താന്റെ ഒരു ദൂതനെ, എന്നെ ഇടിക്കേണ്ടതിന് തന്നിരിക്കുന്നു, ഞാൻ അത്യന്തം ഉയർത്തപ്പെടാതിരിക്കേണ്ടതിന് തന്നെ.

2 കൊരി. 12:8 അത് എന്നെ വിട്ടുപോകേണ്ടതിന്, ഇതിനെക്കുറിച്ച് ഞാൻ മൂന്നു പ്രാവശ്യം കർത്താവിനോട് അപേക്ഷിച്ചു.

2 കൊരി. 12:9 അവൻ എന്നോട്, എന്റെ കൃപ നിനക്ക് മതി, എന്റെ ശക്തി ബലഹീനതയിൽ തികഞ്ഞുവരുന്നു എന്ന് പറഞ്ഞു. അതുകൊണ്ട് ക്രിസ്തുവിന്റെ ശക്തി എന്റെമേൽ കൂടാരമടിക്കേണ്ടതിന്, ഞാൻ അതിസന്തോഷത്തോടെ എന്റെ ബലഹീനതകളിൽ പ്രശംസിക്കും.

1 പത്രൊ. 5:5 അങ്ങനെതന്നെ, ഇളയവരേ, മൂപ്പന്മാർക്കു കീഴ്പ്പെട്ടിരിക്കുവിൻ; നിങ്ങൾ എല്ലാവരും അന്യോന്യം താഴ്മകൊണ്ട് അരകെട്ടുവിൻ, എന്തുകൊണ്ടെന്നാൽ ദൈവം നിഗളികളെ എതിർക്കുന്നു, എന്നാൽ താഴ്മയുള്ളവർക്ക് കൃപ നൽകുന്നു.

b. നമുക്ക് ഒന്നും ചെയ്യാൻ കഴിയാതെ വരുമ്പോൾ, നമുക്ക് അനങ്ങാൻ കഴിയാതെ വരുമ്പോൾ, നമുക്ക് ശക്തിയില്ലാതെ വരുമ്പോൾ, അത് ആശ്രയിക്കുവാനും കൃപയായി ദൈവത്തിന്റെ സഹായത്തെ ആസ്വദിക്കുവാനുമുള്ള സമയമാണ്—ഉത്ത. 8:5-6; എബ്രാ. 11:21; ഉൽ. 47:29, 31.

ഉത്ത. 8:5 മരുഭൂമിയിൽനിന്നു തന്റെ പ്രിയന്റെമേൽ ചാരിക്കൊണ്ടു വരുന്നോരിവൾ ആർ? നാരകത്തിൻചുവട്ടിൽവെച്ചു ഞാൻ നിന്നെ ഉണർത്തി; അവിടെ വെച്ചല്ലോ നിന്റെ അമ്മ നിന്നെ പ്രസവിച്ചതു; അവിടെവെച്ചല്ലോ നിന്നെ പെറ്റവൾക്കു ഈറ്റുനോവു കിട്ടിയതു.

ഉത്ത. 8:6 എന്നെ ഒരു മുദ്രമോതിരമായി നിന്റെ ഹൃദയത്തിന്മേലും ഒരു മുദ്രമോതിരമായി നിന്റെ ഭുജത്തിന്മേലും വെച്ചുകൊള്ളേണമേ; പ്രേമം മരണംപോലെ ബലമുള്ളതും പതിവ്രതശങ്ക പാതാളംപോലെ കടുപ്പമുള്ളതും ആകുന്നു; അതിന്റെ ജ്വലനം അഗ്നിജ്വലനവും ഒരു ദിവ്യജ്വാലയും തന്നേ.

എബ്രാ. 11:21 വിശ്വാസത്താൽ യാക്കോബ്, അവൻ മരിച്ചുകൊണ്ടിരിക്കുമ്പോൾ, യോസേഫിന്റെ പുത്രന്മാരിൽ ഓരോരുത്തനെയും അനുഗ്രഹിക്കുകയും തന്റെ വടിയിന്മേൽ ചാരിക്കൊണ്ട് ദൈവത്തെ ആരാധിക്കുകയും

ചെയ്തു.

ഉല്പ. 47:29 യിസ്രായേൽ മരിപ്പാനുള്ള കാലം അടുത്തപ്പോൾ അവൻ തന്റെ മകനായ യോസേഫിനെ വിളിപ്പിച്ചു അവനോടു: നിനക്കു എന്നോടു കൃപയുണ്ടെങ്കിൽ നിന്റെ കൈ എന്റെ തുടയിൽകീഴിൽ വെക്കുക; എന്നോടു ദയയും വിശ്വസ്തതയും കാണിച്ചു എന്നെ മിസ്രയീമിൽ അടക്കാതെ,

ഉല്പ. 47:31 എന്നോടു സത്യം ചെയ്ക എന്നു അവൻ പറഞ്ഞു; അവൻ സത്യവും ചെയ്തു; അപ്പോൾ യിസ്രായേൽ കട്ടിലിന്റെ തലെക്കൽ നമസ്കരിച്ചു.

3. കൃപ എന്നത് നമുക്കുവേണ്ടി നമ്മിൽ എല്ലാം ചെയ്യുന്ന അത്ഭുതവാനായ ക്രിസ്തുവാണ്:

   a. കൃപ എന്നത് നമ്മുടെ ഭാരവാഹകൻ എന്ന നിലയിൽ ക്രിസ്തുവാണ്—1 കൊരി. 15:10, 58; 2 കൊരി. 12:9; ഫിലി. 4:6-7; യെശ. 9:6.

1 കൊരി. 15:10 എന്നാൽ ദൈവത്തിന്റെ കൃപയാൽ ഞാൻ ആകുന്നത് ഞാൻ ആകുന്നു; എന്നോടുള്ള അവന്റെ കൃപ വ്യർഥമായിത്തീർന്നതുമില്ല, എന്നാൽ അതിന് വിരുദ്ധമായി, അവരിൽ എല്ലാവരിലും അത്യധികമായി ഞാൻ അധ്വാനിച്ചു, എങ്കിലും ഞാനല്ല എന്നോടുകൂടെയുള്ള ദൈവകൃപയത്രേ.

1 കൊരി. 15:58 അതുകൊണ്ട് എന്റെ പ്രിയ സഹോദരന്മാരേ, നിങ്ങളുടെ അധ്വാനം കർത്താവിൽ വ്യർഥമല്ല എന്ന് അറിഞ്ഞുകൊണ്ട്, ഉറപ്പുള്ളവരും, അചഞ്ചലരും, എല്ലായ്പ്പോഴും കർത്താവിന്റെ വേലയിൽ വർധിച്ചുവരുന്നവരും ആയിരിക്കുവിൻ.

2 കൊരി. 12:9 അവൻ എന്നോട്, എന്റെ കൃപ നിനക്ക് മതി, എന്റെ ശക്തി ബലഹീനതയിൽ തികഞ്ഞുവരുന്നു എന്ന് പറഞ്ഞു. അതുകൊണ്ട് ക്രിസ്തുവിന്റെ ശക്തി എന്റെമേൽ കൂടാരമടിക്കേണ്ടതിന്, ഞാൻ അതിസന്തോഷത്തോടെ എന്റെ ബലഹീനതകളിൽ പ്രശംസിക്കും.

ഫിലി. 4:6 ഒന്നിലും വിചാരപ്പെടരുത്, എല്ലാറ്റിലും പ്രാർഥനയാലും അപേക്ഷയാലും സ്തോത്രത്തോടുകൂടെ നിങ്ങളുടെ അപേക്ഷകൾ ദൈവത്തോട് അറിയിക്കുവിൻ;

ഫിലി. 4:7 സകല ബുദ്ധിയെയും കവിയുന്ന ദൈവസമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും നിങ്ങളുടെ ചിന്തകളെയും ക്രിസ്തു യേശുവിൽ കാക്കും.

യെശ. 9:6 നമുക്കു ഒരു ശിശു ജനിച്ചിരിക്കുന്നു; നമുക്കു ഒരു മകൻ നല്കപ്പെട്ടിരിക്കുന്നു; ആധിപത്യം അവന്റെ തോളിൽ ഇരിക്കും; അവന്നു അത്ഭുതമന്ത്രി, വീരനാംദൈവം, നിത്യപിതാവു, സമാധാനപ്രഭു എന്നു പേർ വിളിക്കപ്പെടും.

   b. നിത്യദൈവത്തിനായി കാത്തിരിക്കുന്നവർ (തങ്ങളുടെ ജീവിതം, പ്രവൃത്തി, പ്രവർത്തനം എന്നിവയോടുകൂടെ തങ്ങളെത്തന്നെ നിർത്തുകയും, ക്രിസ്തുവിൽ ദൈവത്തെ തങ്ങളുടെ ജീവനും വ്യക്തിയും പകരക്കാരനുമായി സ്വീകരിക്കുകയും ചെയ്യുന്നവർ) തങ്ങളെ താങ്ങുവാനും പരിപാലിക്കുവാനും ശക്തിപ്പെടുത്തുവാനും മറയ്ക്കുവാനും സംരക്ഷിക്കുവാനും ക്രിസ്തുവിന്റെ പുനരുത്ഥാന

ശക്തിയെ കൃപയായി അനുഭവമാക്കും—2 കൊരി. 12:9; യെശ. 40:31; യെഹെ. 1:8; സങ്കീ. 17:8; 57:1; 63:7; 91:4.

2 കൊരി. 12:9 അവൻ എന്നോട്, എന്റെ കൃപ നിനക്ക് മതി, എന്റെ ശക്തി ബലഹീനതയിൽ തികഞ്ഞുവരുന്നു എന്ന് പറഞ്ഞു. അതുകൊണ്ട് ക്രിസ്തുവിന്റെ ശക്തി എന്റെമേൽ കൂടാരമടിക്കേണ്ടതിന്, ഞാൻ അതിസന്തോഷത്തോടെ എന്റെ ബലഹീനതകളിൽ പ്രശംസിക്കും.

യെശ. 40:31 എങ്കിലും യഹോവയെ കാത്തിരിക്കുന്നവർ ശക്തിയെ പുതുക്കും; അവർ കഴുകന്മാരെപ്പോലെ ചിറകു അടിച്ചു കയറും; അവർ തളർന്നുപോകാതെ ഓടുകയും ക്ഷീണിച്ചുപോകാതെ നടക്കുകയും ചെയ്യും.

യെഹെ. 1:8 അവെക്കു നാലു ഭാഗത്തും ചിറകിന്റെ കീഴായി മനുഷ്യകൈ ഉണ്ടായിരുന്നു; നാലിന്നും മുഖങ്ങളും ചിറകുകളും ഇങ്ങനെ ആയിരുന്നു.

സങ്കീ. 17:8 കണ്ണിന്റെ കൃഷ്ണമണിപോലെ എന്നെ കാക്കേണമേ; എന്നെ കൊള്ളയിടുന്ന ദുഷ്ടന്മാരും

സങ്കീ. 57:1 സംഗീതപ്രമാണിക്കു; നശിപ്പിക്കരുതേ എന്ന രാഗത്തിൽ; ദാവീദിന്റെ ഒരു സ്വർണ്ണഗീതം; അവൻ ശൌലിന്റെ മുമ്പിൽനിന്നു ഗുഹയിലേക്കു ഓടിപ്പോയ കാലത്തു ചമെച്ചതു. ദൈവമേ, എന്നോടു കൃപയുണ്ടാകേണമേ; എന്നോടു കൃപയുണ്ടാകേണമേ; ഞാൻ നിന്നെ ശരണംപ്രാപിക്കുന്നു; അതേ, ഈ ആപത്തുകൾ ഒഴിഞ്ഞുപോകുവോളം ഞാൻ നിന്റെ ചിറകിൻനിഴലിൽ ശരണം പ്രാപിക്കുന്നു.

സങ്കീ. 63:7 നീ എനിക്കു സഹായമായിത്തീർന്നുവല്ലോ; നിന്റെ ചിറകിൻനിഴലിൽ ഞാൻ ഘോഷിച്ചാനന്ദിക്കുന്നു.

സങ്കീ. 91:4 തന്റെ തൂവലുകൾകൊണ്ടു അവൻ നിന്നെ മറെക്കും; അവന്റെ ചിറകിൻ കീഴിൽ നീ ശരണം പ്രാപിക്കും; അവന്റെ വിശ്വസ്തത നിനക്കു പരിചയും പലകയും ആകുന്നു.

c. ഉപദേഷ്ടാക്കന്മാർ (2 തിമൊ.2:2), ഭടന്മാർ (വാ.3-4), മത്സരാർഥികൾ (വാ.5), കർഷകർ (വാ.6), വേലക്കാർ (വാക്യം 15), മാനപാത്രങ്ങൾ (വാ. 21) എന്നീ നിലയിൽ ബഹുവിധമായ ദൈവകൃപയുടെ നല്ല കാര്യവിചാരകന്മാരാകുവാൻ (1 പത്രൊ. 4:10; എഫെ. 3:2; 4:29) ക്രിസ്തു യേശുവിലുള്ള കൃപയിൽ നാം ശക്തിപ്പെടണം (2 തിമൊ. 2:1).

2 തിമൊ. 2:1 അതുകൊണ്ട് എന്റെ മകനേ, നീ ക്രിസ്തു യേശുവിലുള്ള കൃപയിൽ ശക്തിപ്പെടുക;

1 പത്രൊ. 4:10 ഓരോരുത്തനും, തനിക്ക് വരം ലഭിച്ചിരിക്കുന്നതുപോലെ, ബഹുവിധമായ ദൈവകൃപയുടെ നല്ല കാര്യവിചാരകന്മാരായി നിങ്ങളുടെ ഇടയിൽ അത് ശുശ്രൂഷിച്ചുകൊണ്ടുതന്നെ.

എഫെ. 3:2 നിങ്ങൾക്കായി എനിക്കു നൽകപ്പെട്ട ദൈവകൃപയുടെ കാര്യവിചാരകത്വത്തെക്കുറിച്ച് നിങ്ങൾ വാസ്തവമായി കേട്ടിട്ടുണ്ടെങ്കിൽ,

എഫെ. 4:29 നിങ്ങളുടെ വായിൽനിന്ന് ദുഷിച്ച വാക്കൊന്നും പുറപ്പെടാതെ, കേൾക്കുന്നവർക്ക് കൃപ ലഭിക്കേണ്ടതിന്, ആവശ്യാനുസരണം, കെട്ടുപണിക്ക് കൊള്ളാവുന്നതു മാത്രം

പുറപ്പെടട്ടെ.

2 തിമൊ. 2:2 അനേകം സാക്ഷികളിലൂടെ എന്നിൽ നിന്ന് നീ കേട്ട കാര്യങ്ങൾ മറ്റുള്ളവരെ ഉപദേശിക്കുവാൻ പര്യാപ്തരായ വിശ്വസ്ത മനുഷ്യരെ ഭരമേൽപ്പിക്കുക.

2 തിമൊ. 2:3 ക്രിസ്തു യേശുവിന്റെ നല്ല ഭടനായി എന്നോടുകൂടെ തിന്മ സഹിക്കുക.

2 തിമൊ. 2:4 സൈനികനായി സേവനം അനുഷ്ഠിക്കുന്ന ആരും സേനയിൽ ചേർത്തവനെ പ്രസാദിപ്പിക്കേണ്ടതിന് ഈ ജീവിതത്തിന്റെ കാര്യങ്ങളിൽ സ്വയം കുരുക്കുന്നില്ല.

2 തിമൊ. 2:5 മത്സരങ്ങളിൽ മത്സരിക്കുന്നവൻ നിയമപ്രകാരം മത്സരിക്കുന്നില്ലെങ്കിൽ അവനു കിരീടം ലഭിക്കുന്നില്ല.

2 തിമൊ. 2:6 അധ്വാനിക്കുന്ന കർഷകൻ വേണം ആദ്യം ഫലത്തിൽനിന്നു പങ്കു കൊള്ളുവാൻ.

2 തിമൊ. 2:15 സത്യത്തിന്റെ വചനത്തെ നേരെ മുറിച്ചുകൊണ്ട്, ലജ്ജിക്കാത്ത വേലക്കാരനായി, ദൈവത്തിന് അംഗീകൃതനായി നിന്നെത്തന്നെ നിർത്തുവാൻ ശുഷ്കാന്തിയുള്ളവനാകുക.

2 തിമൊ. 2:21 അതുകൊണ്ട് ഇവയിൽ നിന്ന് ആരെങ്കിലും തന്നെത്താൻ വെടിപ്പാക്കുന്നു എങ്കിൽ, അവൻ മാനത്തിനായി, വിശുദ്ധീകരിക്കപ്പെട്ട, യജമാനനു പ്രയോജനമുള്ള, സകല സൽപ്രവൃത്തിക്കും ഒരുക്കപ്പെട്ട ഒരു പാത്രമായിരിക്കും.

**IV. കർത്താവിന്റെ പ്രത്യുദ്ധാരത്തിൽ സംരക്ഷിക്കപ്പെടുന്നതിന്, നമ്മിൽ വസിക്കുന്ന പരിശുദ്ധാത്മാവിലൂടെ കർത്താവിന്റെ പഥ്യവചനങ്ങളുടെ നല്ല നിക്ഷേപം നാം കാക്കണം:**

A. 2 തിമൊഥെയൊസ് 1:13-14 വെളിപ്പെടുത്തുന്നത് നിക്ഷേപം എന്നത് കർത്താവ് നമ്മിൽ സംഭരിച്ചിരിക്കുന്ന അവന്റെ വചനങ്ങളിലെ ജീവസമ്പത്ത് ഉൾപ്പെടെ ദൈവത്തിന്റെ വ്യവസ്ഥയുടെ പഥ്യവചനങ്ങളുടെ നിക്ഷേപത്തെ സൂചിപ്പിക്കണം എന്നാണ്; നാം ബാങ്കിൽ പണം നിക്ഷേപിക്കുന്നതുപോലെ കർത്താവിന്റെ പഥ്യവചനങ്ങളെ നമ്മുടെ ആളത്തത്തിൽ നിക്ഷേപിക്കണം—1 തിമൊ. 6:20; കൊലൊ. 3:16; സങ്കീ. 119:72.

2 തിമൊ. 1:13 ക്രിസ്തു യേശുവിലുള്ള വിശ്വാസത്തിലും സ്നേഹത്തിലും, എന്നിൽ നിന്നു കേട്ട പഥ്യവചനങ്ങളുടെ മാതൃക പിടിച്ചുകൊള്ളുക.

2 തിമൊ. 1:14 നമ്മിൽ വസിക്കുന്ന പരിശുദ്ധാത്മാവ് മുഖാന്തരം ആ നല്ല നിക്ഷേപം കാക്കുക.

1 തിമൊ. 6:20 അല്ലയോ തിമൊഥെയൊസേ, അശുദ്ധമായ വ്യർഥ ജൽപ്പനങ്ങളിൽ നിന്നും പരിജ്ഞാനമെന്ന് കളവായി പറയപ്പെടുന്ന എതിർപ്പുകളിൽ നിന്നും തിരിഞ്ഞുമാറി, നിക്ഷേപത്തെ കാക്കുക,

കൊലൊ. 3:16 സങ്കീർത്തനങ്ങളാലും ഗീതങ്ങളാലും ആത്മിക ഗാനങ്ങളാലും അന്യോന്യം ഉപദേശിച്ചും പ്രബോധിപ്പിച്ചും, നിങ്ങളുടെ ഹൃദയങ്ങളിൽ ദൈവത്തിനു കൃപയോടെ പാടിയും, ക്രിസ്തുവിന്റെ വചനം സകല ജ്ഞാനത്തിലും സമ്പന്നമായി നിങ്ങളിൽ വസിക്കട്ടെ.

സങ്കീ. 119:72 ആയിരം ആയിരം പൊൻവെള്ളി നാണ്യത്തെക്കാൾ നിന്റെ വായിൽനിന്നുള്ള ന്യായപ്രമാണം എനിക്കുത്തമം.

B. പഥ്യവചനങ്ങളുടെ മാതൃക പിടിച്ചുകൊള്ളുക എന്നതിനർഥം, ദൈവത്തിന്റെ പുതിയനിയമ വ്യവസ്ഥയെക്കുറിച്ചുള്ള പൂർണ

സുവിശേഷത്തിന്റെ വചനങ്ങളാലും ക്രിസ്തുവിന്റെ സമ്പത്തിനെ ഉൾക്കൊള്ളുകയും അറിയിക്കുകയും ചെയ്യുന്ന മധുര വചനങ്ങളാലും പോഷിപ്പിക്കപ്പെട്ടുകൊണ്ട് പഥ്യവചനങ്ങളാൽ ജീവിക്കുക എന്നാണ്—2തിമൊ. 1:13; 1 തിമൊ. 4:6.

2 തിമൊ. 1:13 ക്രിസ്തു യേശുവിലുള്ള വിശ്വാസത്തിലും സ്നേഹത്തിലും, എന്നിൽ നിന്നു കേട്ട പഥ്യവചനങ്ങളുടെ മാതൃക പിടിച്ചുകൊള്ളുക.

1 തിമൊ. 4:6 ഈ കാര്യങ്ങളെ നീ സഹോദരന്മാരുടെ മുമ്പാകെ വച്ചാൽ, വിശ്വാസത്തിന്റെയും നീ സൂക്ഷ്മമായി പിൻപറ്റിയ സദുപദേശത്തിന്റെയും വചനങ്ങളാൽ പോഷിപ്പിക്കപ്പെട്ടുകൊണ്ട്, നീ ക്രിസ്തു യേശുവിന്റെ നല്ല ശുശ്രൂഷകനാകും.

C. നമ്മുടെ ആത്മാവിന്റെ വ്യായാമത്തിലൂടെ നാം ആത്മാവിൽ പ്രവർത്തിക്കുകയും പെരുമാറുകയും ജീവിക്കുകയും ചെയ്യുന്ന വ്യക്തികളാണെങ്കിൽ, നമ്മുടെ ആളത്തത്തിൽ നിക്ഷേപിച്ചിരിക്കുന്നതെല്ലാം നമ്മിൽ വസിക്കുന്ന ആത്മാവിലൂടെ കാക്കപ്പെടും—2 തിമൊ. 1:12, 14; പ്രവൃ. 5:20.

2 തിമൊ. 1:12 ഇക്കാരണത്താൽ ഞാൻ ഈ കാര്യങ്ങൾ കഷ്ടം സഹിക്കുന്നു; എന്നാൽ ഞാൻ ലജ്ജിക്കുന്നില്ല, ഞാൻ ആരെ വിശ്വസിച്ചിരിക്കുന്നു എന്ന് ഞാൻ അറിയുന്നു, ആ നാളിനായി എന്റെ നിക്ഷേപം കാക്കുവാൻ അവൻ കഴിവുള്ളവൻ എന്ന് എനിക്കു ബോധ്യമുണ്ട്.

2 തിമൊ. 1:14 നമ്മിൽ വസിക്കുന്ന പരിശുദ്ധാത്മാവ് മുഖാന്തരം ആ നല്ല നിക്ഷേപം കാക്കുക.

പ്രവൃ. 5:20 പോയി ദൈവാലയത്തിൽ നിന്ന് ഈ ജീവന്റെ വചനങ്ങളെല്ലാം ജനത്തോട് സംസാരിക്കുവിൻ എന്നു പറഞ്ഞു.

**V. ദൈവത്തിന്റെ നിത്യവ്യവസ്ഥയെക്കുറിച്ചുള്ള പഥ്യോപദേശം ശുശ്രൂഷിക്കുന്നതിന്, ജീവന്റെ വചനങ്ങളും (യോഹ. 6:63; പ്രവ. 5:20), ജീവകൃപയുടെ വചനങ്ങളും (1 പത്രൊ. 3:7) ആയ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പഥ്യവചനങ്ങളോടുകൂടെ നാം സംസാരിക്കണം (1 തിമൊ. 6:3):**

1 തിമൊ. 6:3 ഒരുവൻ വ്യത്യസ്ത കാര്യങ്ങൾ ഉപദേശിക്കുകയും നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ പഥ്യവചനങ്ങളോടും ദൈവികതയ്ക്ക് ഒത്തവണ്ണമുള്ള ഉപദേശത്തോടും യോജിക്കാതെയിരുന്നാൽ,

യോഹ. 6:63 ജീവൻ നൽകുന്നത് ആത്മാവാകുന്നു; മാംസം ഒന്നിനും പ്രയോജനപ്പെടുന്നില്ല; ഞാൻ നിങ്ങളോടു സംസാരിച്ചിരിക്കുന്ന വചനങ്ങൾ ആത്മാവും ജീവനും ആകുന്നു.

പ്രവൃ. 5:20 പോയി ദൈവാലയത്തിൽ നിന്ന് ഈ ജീവന്റെ വചനങ്ങളെല്ലാം ജനത്തോട് സംസാരിക്കുവിൻ എന്നു പറഞ്ഞു.

1 പത്രൊ. 3:7 അങ്ങനെതന്നെ ഭർത്താക്കന്മാരേ, നിങ്ങളുടെ പ്രാർഥനകൾക്കു തടസ്സം വരാതിരിക്കേണ്ടതിന്, സ്ത്രീ ബലഹീന പാത്രം എന്നുവച്ച്, ജീവകൃപയുടെ കൂട്ടവകാശികൾക്ക് എന്നപോലെ അവർക്കു മാനം പങ്കിട്ടുകൊണ്ട്, പരിജ്ഞാനപ്രകാരം അവരോടുകൂടെ വസിക്കുവിൻ.

A. തന്റെ ത്രിത്വത്തിൽ—പിതാവ് ജീവന്റെ സ്രോതസ്സായും, പുത്രൻ ജീവന്റെ ഗതിയായും, കൃപയായി നമ്മുടെ ഉള്ളിൽ പുത്രനോടും പിതാവിനോടുംകൂടെ ഒഴുകുന്ന ആത്മാവ് ജീവന്റെ പ്രവാഹമായും—നമ്മുടെ ജീവനും ജീവസഹായവുമായ ദൈവമാണ് ജീവന്റെ കൃപ —വാ. 7; 1 യോഹ. 5:11-12; യോഹ. 7:38-39; വെളി. 22:1.

1 പത്രൊ. 3:7 അങ്ങനെതന്നെ ഭർത്താക്കന്മാരേ, നിങ്ങളുടെ പ്രാർഥനകൾക്കു

തടസ്സം വരാതിരിക്കേണ്ടതിന്, സ്ത്രീ ബലഹീന പാത്രം എന്നുവച്ച്, ജീവകൃപയുടെ കൂട്ടവകാശികൾക്ക് എന്നപോലെ അവർക്കു മാനം പങ്കിട്ടുകൊണ്ട്, പരിജ്ഞാനപ്രകാരം അവരോടുകൂടെ വസിക്കുവിൻ.

1 യോഹ. 5:11 ആ സാക്ഷ്യമോ, ദൈവം നമുക്ക് നിത്യജീവൻ നൽകി, ഈ ജീവൻ അവന്റെ പുത്രനിൽ ആകുന്നു എന്നതു തന്നെ.

1 യോഹ. 5:12 പുത്രനുള്ളവന് ജീവൻ ഉണ്ട്; ദൈവപുത്രൻ ഇല്ലാത്തവന് ജീവൻ ഇല്ല.

യോഹ. 7:38 തിരുവെഴുത്ത് പറഞ്ഞതുപോലെ, എന്നിലേക്കു വിശ്വസിക്കുന്നവന്റെ ഏറ്റവും ഉള്ളിലെ ആളത്തത്തിൽനിന്ന് ജീവജലനദികൾ ഒഴുകും.

യോഹ. 7:39 എന്നാൽ ഇത് അവൻ തന്നിലേക്കു വിശ്വസിക്കുന്നവർ സ്വീകരിക്കാറായ ആത്മാവിനെക്കുറിച്ചായിരുന്നു പറഞ്ഞത്; യേശു തേജസ്കരിക്കപ്പെട്ടിട്ടില്ലാത്തതിനാൽ ആത്മാവ് അതുവരെ ഇല്ലായിരുന്നു.

വെളി. 22:1 വീഥിയുടെ നടുവിൽ, ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനത്തിൽനിന്നു പുറപ്പെടുന്നതായ, പളുങ്കുപോലെ ശുഭ്രമായ, ജീവജല നദി അവൻ എന്നെ കാണിച്ചു.

B. “എല്ലാവരും അവനു സാക്ഷ്യം വഹിക്കുകയും അവന്റെ വായിൽനിന്നു പുറപ്പെടുന്ന കൃപയുടെ വചനങ്ങളിൽ ആശ്ചര്യപ്പെടുകയും ചെയ്തു”—ലൂക്കൊ. 4:22.

C. “എന്റെ ഹൃദയം ശുഭവചനത്താൽ കവിയുന്നു; ⁄എന്റെ കൃതി രാജാവിന്നു വേണ്ടിയുള്ളത് എന്നു ഞാൻ പറയുന്നു⁄ എന്റെ നാവു സമർഥനായ ലേഖകന്റെ എഴുത്തുകോൽ ആകുന്നു. ⁄നീ മനുഷ്യപുത്രന്മാരിൽ അതിസുന്ദരൻ;⁄ ലാവണ്യം നിന്റെ അധരങ്ങളിന്മേൽ പകർന്നിരിക്കുന്നു; ⁄അതുകൊണ്ട് ദൈവം നിന്നെ എന്നേക്കും അനുഗ്രഹിച്ചിരിക്കുന്നു”—സങ്കീ. 45:1-2.

D. “നിങ്ങൾക്കായി എനിക്കു നൽകപ്പെട്ട ദൈവകൃപയുടെ കാര്യവിചാരകത്വം”—എഫെ.3:2.

E. “നിങ്ങളുടെ വായിൽനിന്ന് ദുഷിച്ച വാക്കൊന്നും പുറപ്പെടാതെ, കേൾക്കുന്നവർക്ക് കൃപ ലഭിക്കേണ്ടതിന്, ആവശ്യാനുസരണം, കെട്ടുപണിക്ക് കൊള്ളാവുന്നതു മാത്രം പുറപ്പെടട്ടെ”—4:29.

F. “ഓരോരുത്തനും, തനിക്ക് വരം ലഭിച്ചിരിക്കുന്നതുപോലെ, ബഹുവിധമായ ദൈവകൃപയുടെ നല്ല കാര്യവിചാരകന്മാരായി നിങ്ങളുടെ ഇടയിൽ അത് ശുശ്രൂഷിച്ചുകൊണ്ടു തന്നെ”—1 പത്രൊ. 4:10.

G. ദൈവത്തിന്റെ കൃപയുടെ വചനങ്ങളെ നാം ഹൃദയത്തിൽ സംഗ്രഹിക്കണം (സങ്കീ. 119:11), കാരണം നമ്മുടെ ഹൃദയത്തിലെ നല്ല നിധിയുടെ സമൃദ്ധിയിൽനിന്ന്, നമ്മുടെ വായ് ദൈവത്തിന്റെ നിത്യവ്യവസ്ഥയുടെ നല്ല കാര്യങ്ങൾ സംസാരിക്കുന്നു (മത്താ. 12:34-35).

സങ്കീ. 119:11 ഞാൻ നിന്നോടു പാപം ചെയ്യാതിരിക്കേണ്ടതിന്നു നിന്റെ വചനത്തെ ഹൃദയത്തിൽ സംഗ്രഹിക്കുന്നു.

മത്താ. 12:34 ...ഹൃദയത്തിന്റെ സമൃദ്ധിയിൽ നിന്നല്ലോ വായ് സംസാരിക്കുന്നത്.

മത്താ. 12:35 നല്ല മനുഷ്യൻ, തന്റെ നല്ല നിക്ഷേപത്തിൽനിന്നു നല്ലകാര്യങ്ങളെ പുറപ്പെടുവിക്കുന്നു, ദുഷ്ട മനുഷ്യനോ, തന്റെ ദുഷ്ട നിക്ഷേപത്തിൽനിന്നു ദുഷ്ടകാര്യങ്ങളെ പുറപ്പെടുവിക്കുന്നു.

**VI. “ഞങ്ങൾ ലോകത്തിൽ, അതിലുപരി നിങ്ങളുടെ മുമ്പാകെ, ജഡിക ജ്ഞാനത്തിൽ അല്ല ദൈവകൃപയിലത്രേ, ദൈവത്തിന്റെ ഏകാഗ്രതയിലും**

**ആത്മാർഥതയിലും, ഞങ്ങളെത്തന്നെ നടത്തിയിരിക്കുന്നു എന്ന ഞങ്ങളുടെ മനസ്സാക്ഷിയുടെ സാക്ഷ്യം, ഞങ്ങളുടെ പ്രശംസയാകുന്നു"—2 കൊരി.1:12:**

A. ദൈവത്തിന്റെ ഏകാഗ്രതയിൽ അഥവാ, ദൈവത്തിന്റെ ലാളിത്യത്തിൽ പെരുമാറുക എന്നതിനർഥം, നമ്മുടെ പ്രയാസകരമായ സാഹചര്യത്തിന് ഒരു പരിഹാരം കണ്ടെത്തുന്നതിന് നമ്മുടെ ആത്മവിശ്വാസം നമ്മളിൽത്തന്നെയോ നമ്മുടെ സ്വാഭാവികമായ മനുഷ്യ കഴിവിലോ നാം അടിസ്ഥാനപ്പെടുത്തുന്നില്ല എന്നാണ്; ദൈവത്തിന്റെ ആത്മാർഥതയിൽ പെരുമാറുക എന്നത് ദൈവകൃപയിൽ ആയിരിക്കുന്നതാണ്.

B. നമ്മുടെ ആസ്വാദനത്തിനുള്ള ദൈവമാണ് കൃപ, നമ്മുടെ കഷ്ടതകളിൽ പുനരുത്ഥാനത്തിന്റെ അനുഭവത്തിനായി ഈ കൃപയെ, കൃപമേൽ കൃപയെ, നാം നിരന്തരം സ്വീകരിക്കണം—യോഹ. 1:16; 1 കൊരി. 15:10; 2 കൊരി. 12:9; റോമ. 5:17.

യോഹ. 1:16 അവന്റെ നിറവിൽ നിന്ന് നമുക്ക് എല്ലാവർക്കും, കൃപമേൽ കൃപ ലഭിച്ചിരിച്ചിരിക്കുന്നു.

1 കൊരി. 15:10 എന്നാൽ ദൈവത്തിന്റെ കൃപയാൽ ഞാൻ ആകുന്നത് ഞാൻ ആകുന്നു; എന്നോടുള്ള അവന്റെ കൃപ വ്യർഥമായിത്തീർന്നതുമില്ല, എന്നാൽ അതിന് വിരുദ്ധമായി, അവരിൽ എല്ലാവരിലും അത്യധികമായി ഞാൻ അധ്വാനിച്ചു, എങ്കിലും ഞാനല്ല എന്നോടുകൂടെയുള്ള ദൈവകൃപയത്രേ.

2 കൊരി. 12:9 അവൻ എന്നോട്, എന്റെ കൃപ നിനക്ക് മതി, എന്റെ ശക്തി ബലഹീനതയിൽ തികഞ്ഞുവരുന്നു എന്ന് പറഞ്ഞു. അതുകൊണ്ട് ക്രിസ്തുവിന്റെ ശക്തി എന്റെമേൽ കൂടാരമടിക്കേണ്ടതിന്, ഞാൻ അതിസന്തോഷത്തോടെ എന്റെ ബലഹീനതകളിൽ പ്രശംസിക്കും.

റോമ. 5:17 ഏകന്റെ അതിക്രമത്താൽ ഏകനിലൂടെ മരണം വാണു എങ്കിൽ, കൃപയുടെയും നീതിയുടെ ഉപഹാരത്തിന്റെയും സമൃദ്ധി ലഭിക്കുന്നവർ, യേശു ക്രിസ്തു എന്ന ഏകനിലൂടെ എത്ര അധികമായി ജീവനിൽ വാഴും.

**VII. നാം വിശുദ്ധന്മാരായതിനാൽ കർത്താവായ യേശുവിന്റെ കൃപ നമ്മുടെ ദൈനംദിന ജീവിതത്തിന്റെ എല്ലാ മേഖലകളിലും നമ്മിൽ ഓരോരുത്തരോടുംകൂടെ ഉണ്ടായിരിക്കണം; ഈ കൃപ തന്നെത്തന്നെ മനുഷ്യനോടു കൂട്ടിയിണക്കുന്നതിലും ഇഴുകിച്ചേരുന്നതിലുമുള്ള ദൈവത്തിന്റെ സുപ്രസാദത്തിന്റെ പരിണതിയായി ദൈവത്തിന്റെ മഹത്വകരമായ വികാസത്തിനും നിത്യമായ ആവിഷ്കാരത്തിനും വേണ്ടി പുതിയ യെരൂശലേമിൽ പരിണതിപ്രാപിക്കുന്നു—വെളി. 22:21.**

വെളി. 22:21 കർത്താവായ യേശുവിന്റെ കൃപ സകല വിശുദ്ധന്മാരോടുംകൂടെ ഇരിക്കട്ടെ. ആമേൻ.

**ശുശ്രൂഷയിൽനിന്നുള്ള ഉദ്ധരിണികൾ:**

## അപ്പൊസ്തലന്മാരുടെ പ്രശംസ

2 കൊരിന്ത്യർ 1:12-ൽ പൗലൊസ് പറയുന്നു: "ഞങ്ങൾ ലോകത്തിൽ അതിലുപരി നിങ്ങളുടെ മുമ്പാകെ, ജഡിക ജ്ഞാനത്തിൽ അല്ല ദൈവകൃപയിലത്രേ, ദൈവത്തിന്റെ ഏകാഗ്രതയിലും ആത്മാർഥതയിലും, ഞങ്ങളെത്തന്നെ

നടത്തിയിരിക്കുന്നു എന്ന ഞങ്ങളുടെ മനസ്സാക്ഷിയുടെ സാക്ഷ്യം, ഞങ്ങളുടെ പ്രശംസയാകുന്നു." അവരുടെ പ്രശംസ അവർ ജീവിക്കുകയും പെരുമാറുകയും ചെയ്യുന്ന രീതിയെ കുറിച്ചുള്ള അവരുടെ മനസ്സാക്ഷിയുടെ സാക്ഷ്യമായിരുന്നു എന്നാണ് പൗലൊസ് ഇവിടെ പറയുന്നത്. പൗലൊസ് എന്താണ് ഉദ്ദേശിക്കുന്നതെന്ന് മനസ്സിലാക്കുവാൻ നമുക്ക് ഉൾക്കാഴ്ച ആവശ്യമാണ്.

വാക്യം 12-ൽ "ഏകാഗ്രത" എന്ന് പരിഭാഷപ്പെടുത്തിയിരിക്കുന്ന ഗ്രീക്ക് പദത്തെ "ലാളിത്യം (simplicity)" എന്നും വിവർത്തനം ചെയ്യാവുന്നതാണ്. ഏകാഗ്രതയ്ക്കോ ലാളിത്യത്തിനോ പകരം, ചില കൈയെഴുത്തുപ്രതികൾ "വിശുദ്ധി" എന്ന് വായിക്കുന്നു. വാക്യം 12ൽ കാണുന്ന ആഴമേറിയ ചിന്തയും സമ്പന്നമായ അനുഭവവും പ്രധാനമായും "ഏകാഗ്രത," "ആത്മാർഥത" എന്നർഥമുള്ള ഗ്രീക്ക് പദവുമായി ബന്ധപ്പെട്ടിരിക്കുന്നു. പുതിയനിയമത്തിൽ ഈ വാക്ക് കുറഞ്ഞത് അഞ്ച് തവണയെങ്കിലും ഉപയോഗിച്ചിട്ടുണ്ട്.വ്യത്യസ്ത പരിഭാഷകൾ വ്യത്യസ്തമായ വിവർത്തനങ്ങൾ സ്വീകരിക്കുന്നു: "ഏകാഗ്രത," "ലാളിത്യം," "ഉദാരത," "ഔദാര്യം," "ദാനം." മതിയായ അനുഭവപരിചയം ഇല്ലെങ്കിൽ ഇവിടെ വിവർത്തനത്തിൽ ഏത് പദം ഉപയോഗിക്കണമെന്ന് തീരുമാനിക്കുവാൻ ബുദ്ധിമുട്ടായിരിക്കും.

വാക്യം 12-ൽ കാണിക്കുന്നത്, ഈ വാക്യം മുമ്പത്തെ വാക്യങ്ങളുടെ വിശദീകരണമാണെന്നാണ്. അതിനാൽ, 12-ാം വാക്യത്തെ മനസ്സിലാക്കുന്നതിനായി, മുൻപറഞ്ഞ വാക്യങ്ങളിൽ പൗലൊസ് പറഞ്ഞവയെ നാം മനസ്സിൽ കരുതേണ്ടതുണ്ട്. താനും സഹപ്രവർത്തകരും മരണാവസ്ഥയിലാണെന്ന് കൊരിന്ത്യ വിശ്വാസികളോട് പൗലൊസ് ചൂണ്ടിക്കാണിച്ചിരിക്കുന്നു. 10-ാം വാക്യത്തിൽ ദൈവം അവരെ "ഇത്ര വലിയ മരണത്തിൽനിന്നു" വിടുവിച്ചതായി അവൻ സാക്ഷ്യപ്പെടുത്തി. എല്ലാ പ്രയാസങ്ങളും പ്രശ്നങ്ങളും കഠിനമായ സാഹചര്യങ്ങളും മനുഷ്യശക്തി, ബലം, ജ്ഞാനം അല്ലെങ്കിൽ രീതികൾ എന്നിവയാൽ മാറ്റുവാനാകും. ഒരേയൊരു വ്യത്യാസം മരണത്തിനു മാത്രമാണ്. ഒരു മനുഷ്യനും, ഒരു മരണസാഹചര്യം കൈകാര്യം ചെയ്യുവാൻ യാതൊരു മാർഗവുമില്ല. ധനികർക്ക് വലിയ തുകയുടെ ഒരു ചെക്ക് എഴുതി പ്രശ്നങ്ങൾ പരിഹരിക്കുവാൻ കഴിയും. "പണം എല്ലായിടത്തും പോകുന്നു" എന്നൊരു പഴഞ്ചൊല്ലുണ്ട്. പണത്തിന് എല്ലാ പ്രശ്നങ്ങളും പരിഹരിക്കുവാൻ കഴിയുമെന്നാണ് ഇതിനർഥം. എന്നാൽ ഏറ്റവും ധനികനായ ഒരുവനുപോലും മരണ സാഹചര്യം കൈകാര്യം ചെയ്യുവാൻ കഴിയില്ല. ഒരു കോടീശ്വരന് മരണം വരുമ്പോൾ, അതിനെ ഒഴിവാക്കുവാൻ, എത്ര പണം ഉണ്ടെങ്കിലും, അത് അവനെ പ്രാപ്തനാക്കുകയില്ല. ഈ ലേഖനം എഴുതുന്നതിനുമുമ്പ്, പൗലൊസ് മരണാവസ്ഥയിലായിരുന്നു. മാനുഷികമായി പറഞ്ഞാൽ, ആ അവസ്ഥയിൽ നിന്ന് പുറത്തുവരുവാൻ യാതൊരു മാർഗവുമില്ല. എന്നാൽ ഈ അപ്പൊസ്തലനും, പുനരുത്ഥാനത്തിൽ വിശ്വസിക്കുന്നവർക്കും ഒരു പോംവഴിയുണ്ട്. പുനരുത്ഥാനത്തിന്റെ ദൈവമാണ് ഈ വഴി.

ആസ്യയിൽ പൗലൊസ് ആയിരുന്ന സാഹചര്യം, അതിനെ കൈകാര്യം ചെയ്യുന്ന രീതിയിൽ ഏകാഗ്രവും ലളിതവും ആയിരിക്കുവാൻ അവനെ നിർബന്ധിതനാക്കി. സമ്പന്നരോ ശക്തരോ അറിവുള്ളവരോ ആയവർ ബുദ്ധിമുട്ടുള്ള സാഹചര്യങ്ങളെ കൈകാര്യം ചെയ്യുന്ന വിധത്തിൽ ഏകാഗ്രരല്ല. നേരെമറിച്ച്, അവർ അവരുടെ അറിവും ജ്ഞാനവും പ്രയോഗിക്കുന്നു. ഒരു പ്രത്യേക രീതി ശരിയാകുന്നില്ലെങ്കിൽ, അവർ മറ്റൊരു രീതിയിലേക്ക് തിരിയുന്നു. അവരുടെ മനസ്സ് വളരെ സങ്കീർണമാണ്; ലളിതമല്ല. അവർ അറിവും കഴിവും

ഉള്ളവരായതിനാൽ, സാഹചര്യങ്ങളെ നേരിടുവാൻ അവർക്ക് നിരവധി മാർഗങ്ങളുണ്ട്. സാഹചര്യങ്ങളെ നേരിടുവാൻ നിരവധി മാർഗങ്ങളുള്ള ഒരു വ്യക്തി തീർച്ചയായും ലളിതനല്ല.

മുൻ വാക്യങ്ങൾ അനുസരിച്ച്, പൗലൊസും സഹപ്രവർത്തകരും യാതൊരു മാനുഷിക മാർഗവും അവർക്ക് സഹായമാകുവാൻ കഴിയാത്ത പരിധിവരെ, പരിമിതപ്പെടുത്തുന്ന ഒരു സാഹചര്യത്തിലായിരുന്നു. അവർക്ക് ഒരു വഴി മാത്രമേ ലഭ്യമായിരുന്നുള്ളൂ: പുനരുത്ഥാനത്തിന്റെ ദൈവം. അവർ കേവലം കഷ്ടതകളിലോ പീഡകളിലോ ആയിരുന്നില്ല, അവർക്ക് കേവലം പ്രശ്നങ്ങൾ മാത്രമല്ല ഉണ്ടായിരുന്നത്. അവർ മരണത്തിലായിരുന്നു. നാം എത്ര അറിവുള്ളവരോ, കഴിവുള്ളവരോ, സമ്പന്നരോ ആകട്ടെ, ഒരു മരണ സാഹചര്യത്തിൽ നമുക്ക് ഒന്നും ചെയ്യുവാൻ കഴിയുകയില്ല. പൗലൊസിനും സഹപ്രവർത്തകർക്കും രക്ഷപ്പെടുവാനുള്ള ഏക മാർഗം പുനരുത്ഥാനത്തിന്റെ ദൈവമായിരുന്നു.

മരിച്ച വ്യക്തി എപ്പോഴും ലളിതനാണ്. എന്നിരുന്നാലും, ജീവിച്ചിരിക്കുന്ന ഒരു വ്യക്തി ലളിതനല്ല. നേരെമറിച്ച്, ഒരു സാഹചര്യത്തെ നേരിടുവാൻ അവന് എപ്പോഴും ഒരു മാർഗമുണ്ട്. മനുഷ്യരായ നാം ലളിതരല്ല. നമുക്കെല്ലാവർക്കും വ്യത്യസ്തമായ പല വഴികളുണ്ട്. എന്നാൽ ലളിതരായവർ ഭാഗ്യവാന്മാർ. ഏതുതരം വ്യക്തിക്കാണ് ലളിതനായിരിക്കുവാൻ കഴിയുക? മരിച്ച ഒരാൾക്ക് മാത്രമേ കഴിയുകയുള്ളൂ. പൗലൊസും സഹപ്രവർത്തകരും ആസ്യയിൽ കഷ്ടത അനുഭവിക്കുമ്പോൾ, അവർ തങ്ങളെത്തന്നെ മരിച്ചവരായി കണക്കാക്കുന്ന അവസ്തയോളം അമർത്തപ്പെട്ടു. അവരുടെ സാഹചര്യം കൈകാര്യം ചെയ്യുവാൻ അവർക്ക് യാതൊരു മാർഗവുമില്ലായിരുന്നു. അവരുടെ ആത്മവിശ്വാസം തങ്ങളിൽതന്നെ ആയിരുന്നില്ല; അത്, മരിച്ചവരെ ഉയിർപ്പിക്കുന്ന ദൈവത്തിൽ മാത്രമായിരുന്നു.

## തങ്ങളുടെ മനസ്സാക്ഷിയുടെ സാക്ഷ്യം

വാക്യം 12-ൽ പൗലൊസ് മനസ്സാക്ഷിയുടെ സാക്ഷ്യത്തെ പരാമർശിക്കുന്നു. നാം എന്താണെന്നതും, നാം എന്ത് ചെയ്യുന്നു എന്നതും സാക്ഷ്യപ്പെടുത്തുവാൻ നമുക്ക് നിർമലമായ ഒരു മനസ്സാക്ഷി ഉണ്ടായിരിക്കണം (2 തിമൊ. 1:3), കുറ്റമില്ലാത്ത ഒരു മനസ്സാക്ഷി ഉണ്ടായിരിക്കണം (പ്രവൃ. 24:16). അവൻ ആത്മാർഥതയുള്ളവനും വിശ്വസ്തനും സത്യസന്ധനുമാണെന്ന് പൗലൊസിന്റെ മനസ്സാക്ഷി സാക്ഷ്യപ്പെടുത്തി. പ്രത്യേകിച്ച്, താൻ ഏകാഗ്രനാണെന്ന മനസ്സാക്ഷിയുടെ സാക്ഷ്യം അവന് ഉണ്ടായിരുന്നു. സാഹചര്യങ്ങളെ നേരിടുവാൻ അവൻ മാനുഷിക മാർഗങ്ങളൊന്നും ഉപയോഗിച്ചില്ല. അവൻ തന്റെ അറിവും കഴിവും ശക്തിയും വിവേകവും ഉപയോഗിച്ചില്ല. അവൻ ഒരു നയവും ഉപയോഗിച്ചില്ല, രാഷ്ട്രീയം കളിച്ചതുമില്ല. പകരം, അവൻ ഏകാഗ്രനും, ലളിതനുമായിരുന്നു. അവന്റെ മനസ്സാക്ഷി ഇതു സംബന്ധിച്ച് സാക്ഷ്യം വഹിച്ചു. ഈ സാക്ഷ്യം അവന്റെ പ്രശംസയായിരുന്നു. അതിനാൽ, പൗലൊസിന് ഇപ്രകാരം പറയുവാൻ കഴിയും: "നാം ജീവിക്കുന്നതും പെരുമാറുന്നതും പ്രവർത്തിക്കുന്നതും വേല ചെയ്യുന്നതും ദൈവത്തിൽ മാത്രമാണ്, അല്ലാതെ നമ്മുടേതായ ഒരു മാർഗത്തിലും അല്ല. നമ്മുടെ നിസ്തുലമായ മാർഗം പുനരുത്ഥാനത്തിന്റെ ദൈവമാണ്. മരിച്ചവരെ ഉയിർപ്പിക്കുന്ന ദൈവമാണ് നമ്മുടെ ഏക വഴി. അതിനാൽ, ഞങ്ങൾ രാഷ്ട്രീയം കളിക്കില്ല, ഞങ്ങളുടെ വിവേകം ഉപയോഗിക്കയുമില്ല. മരിച്ചവരെപ്പോലെ ഞങ്ങൾ തികച്ചും ലളിതരായിരുന്നു. നമ്മുടെ വിശ്വാസം പുനരുത്ഥാനത്തിന്റെ ദൈവമായ ജീവനുള്ള

വ്യക്തിയായവനിൽ അല്ലാതെ മറ്റൊന്നിലുമല്ല. ഇതാണ് ഞങ്ങളുടെ പ്രശംസ, ഇത് നമ്മുടെ മനസ്സാക്ഷി വഹിക്കുന്ന സാക്ഷ്യമാണ്."

## ലോകത്തിൽ തങ്ങളെത്തന്നെ നടത്തുന്നു
## *ദൈവത്തിന്റെ ഏകാഗ്രതയിലും ആത്മാർഥതയിലും*

എന്തുകൊണ്ടാണ് പൗലൊസ് ഏകാഗ്രതയുടെ കാര്യം കൊരിന്ത്യരോട് സംസാരിച്ചത്? കൊരിന്ത്യർ വളരെ സങ്കീർണരായതുകൊണ്ടായിരുന്നു അത്. അവർക്ക് പല വഴികളുണ്ടായിരുന്നു.ചിലർ അപ്പൊല്ലോസിനെയും മറ്റുചിലർ കേഫാവിനേയും പൗലൊസിനേയും ഇഷ്ടപ്പെടുവാൻ കാരണം ഇതാണ്. യഥാർഥത്തിൽ, കൊരിന്തിലെ വിശ്വാസികളുടെ സങ്കീർണതകൾ കൈകാര്യം ചെയ്യുന്ന ഒരു പുസ്തകമാണ് 1 കൊരിന്ത്യർ.

ഇന്ന് ക്രിസ്ത്യാനികൾക്കിടയിൽ ആശയക്കുഴപ്പത്തിന്റെയും ഭിന്നതയുടെയും ഉറവിടം വിശ്വാസികൾക്കുള്ളിലെ സങ്കീർണതകളാണ്. എല്ലാ ക്രിസ്ത്യാനികളും ലളിതരായി മാറിയെങ്കിൽ, അവർക്കിടയിൽ പ്രശ്നങ്ങളൊന്നും ഉണ്ടാകുമായിരുന്നില്ല. ഒരു സ്ഥലം സഭയിലെ പ്രശ്നങ്ങൾ എല്ലായ്പ്പോഴും സങ്കീർണതകളിൽ നിന്നാണ് വരുന്നത്. നിങ്ങളുടെ സ്ഥലം സഭയിൽ ഒരു പ്രശ്നമുണ്ടെങ്കിൽ, ആ പ്രശ്നം വരുന്നത് ലളിതനല്ലാത്തവനും എന്നാൽ സങ്കീർണനുമായ ഒരുവനിൽ നിന്നാണ്. ഇക്കാരണത്താൽ, സങ്കീർണനായ ഒരു വ്യക്തിയുമായി ഇടപഴകുന്നത് ഒഴിവാക്കുവാൻ ഞാൻ എപ്പോഴും ശ്രമിക്കുന്നു. സങ്കീർണനായ ഒരുവനെ കാണുമ്പോഴെല്ലാം അവനോട് തർക്കിക്കുവാനോ അവനെ തിരുത്തുവാനോ ശ്രമിക്കരുത്. തർക്കത്തിനോ തിരുത്തലിനോ ഉള്ള ഏതൊരു ശ്രമവും നിങ്ങളെ സങ്കീർണതകളിൽ കുടുക്കുവാൻ ഇടയാക്കും.

2 കൊരിന്ത്യർ 1:12-ൽ പൗലൊസ് ദൈവത്തിന്റെ ഏകാഗ്രതയെയും ആത്മാർഥതയെയും കുറിച്ച് പറയുന്നു. ദൈവത്തിന്റെ ആത്മാർഥത ഒരു ദിവ്യ സദ്ഗുണമാണ്, ദൈവം എന്തായിരിക്കുന്നു എന്നതിന്റെ ഗുണമാണ്. അത്തരമൊരു സദ്ഗുണത്തിൽ നാം പെരുമാറുക എന്നതിനർഥം ദൈവത്തെത്തന്നെ അനുഭവമാക്കുക എന്നാണ്. അതിനാൽ, ഈ വാക്യത്തിൽ പിന്നീട് പരാമർശിച്ചിരിക്കുന്ന ദൈവകൃപയിൽ ആയിരിക്കുക എന്നതാണ് അത്തരമൊരു സദ്ഗുണത്തിൽ നാം പെരുമാറുക എന്നതുകൊണ്ട് അർത്ഥമാക്കുന്നത്.

ദൈവം ജ്ഞാനിയും സർവശക്തനുമാണ്. എന്നാൽ ഒരർഥത്തിൽ അവനും ഏകാഗ്രനാണ്; അവൻ വളരെ ലളിതനാണ്. കർത്താവായ യേശു ഭൂമിയിലായിരുന്നപ്പോൾ അവൻ ജ്ഞാനിയായിരുന്നു; എങ്കിലും അവൻ ലളിതനും ഏകാഗ്രതയുള്ളവനുമായിരുന്നു. കർത്താവായ യേശുവിന്റെ ഏകാഗ്രതയും ലാളിത്യവും നിമിത്തം അവനുമായി സമ്പർക്കം പുലർത്തുന്നത് ഞാൻ വളരെയധികം ആസ്വദിക്കുന്നു. എന്നിരുന്നാലും, നിങ്ങൾ ചില സഹോദരന്മാരോട് സംസാരിക്കുമ്പോൾ, അവർ വളരെ സങ്കീർണരാണെന്ന് നിങ്ങൾ കണ്ടെത്തുന്നു. എന്നാൽ നമ്മുടെ ദൈവം ലളിതനാണ്. നാം അവനോട് സംസാരിക്കുമ്പോഴെല്ലാം, അവൻ സങ്കീർണതകൾ നിറഞ്ഞവനല്ലെന്ന് നാം കാണുന്നു. അവൻ "അതെ" എന്ന് പറയുമ്പോൾ "അതെ" എന്നാണ് അർഥമാക്കുന്നത്, "ഇല്ല" എന്ന് പറയുമ്പോൾ "ഇല്ല" എന്നാണ് അർത്ഥമാക്കുന്നത്. അതുപോലെ, അവൻ വെള്ളയെന്നോ കറുപ്പ് എന്നോ പറയുമ്പോൾ, ചാരനിറമെന്നല്ല, വെള്ള അല്ലെങ്കിൽ കറുപ്പ് എന്നാണ് അവൻ അർഥമാക്കുന്നത്. ഒരു പ്രത്യേക സമയത്ത്

ദൈവത്തിന് നമ്മെക്കുറിച്ച് എങ്ങനെ തോന്നിയാലും, അവൻ അപ്പോഴും ഏകാഗ്രനാണ്. അവൻ നമ്മോട് അസന്തുഷ്ടനായിരിക്കാം അല്ലെങ്കിൽ അവൻ സന്തോഷവാനായിരിക്കാം, എന്നാൽ അവൻ ലളിതനാണ്.

ലളിതനും ഏകാഗ്രനുമായ ഒരു വ്യക്തി ഉദാരമനസ്കനും വിശാലചിത്തതയാൽ നിറഞ്ഞവനും ആണെന്ന് അനുഭവത്തിൽ നിന്ന് നാം മനസ്സിലാക്കിയിട്ടുണ്ട്. ലളിതരായവർ സൗജന്യമായി മറ്റുള്ളവർക്ക് നൽകുന്നവരാണ്. ഉദാഹരണത്തിന്, ഒരു സഹോദരൻ ലളിതനായ ഒരുവനെ സമീപിച്ച് വാടക കൊടുക്കുവാൻ പണം കുറവാണെന്ന് പറഞ്ഞെന്നിരിക്കട്ടെ. തൽക്ഷണം, ലളിതനായ ഒരുവൻ ആ സഹോദരന് ആവശ്യമുള്ളതെന്തും നൽകുവാൻ തയ്യാറാകും. ലളിതനായിരിക്കുക എന്നാൽ ഉദാരമനസ്കനായിരിക്കുകയാണെന്ന് ഈ വസ്തുത ചൂണ്ടികാണിക്കുന്നു. എന്നാൽ സങ്കീർണമായയവർ ഉദാരമനസ്കരല്ല. സൗജന്യമായി നൽകാൻ തയ്യാറാകുന്നതിനുപകരം, അവർ വിഷയം സങ്കീർണമായ രീതിയിൽ പരിഗണിക്കുകയും പിന്നീട് ആവശ്യത്തിന് കുറവുള്ള തുക നൽകുകയും ചെയ്തേക്കാം. പൗലൊസ് ഏകാഗ്രനും ലളിതനും ഉദാരമനസ്കനും ആയിരുന്നു.

ഇത്രയും ഏകാഗ്രനായ ഒരുവൻ മാത്രമേ ഉദാരമനസ്കനായിരിക്കുകയുള്ളൂ. നിങ്ങൾക്ക് ഏകാഗ്രത ഇല്ലെങ്കിൽ, നിങ്ങൾ ഒരിക്കലും മറ്റുള്ളവരോട് ഉദാരതയോ ഔദാര്യമോ കാണിക്കുകയില്ല. നമ്മുടെ ദൈവം ഏകാഗ്രനായതിനാൽ നമ്മോട് ഉദാരതയുള്ളവനാണ്. ദൈവം ഏകാഗ്രനല്ലെങ്കിൽ; അവൻ നമ്മെക്കുറിച്ച് സങ്കീർണമായ രീതിയിൽ ചിന്തിച്ചാൽ നമുക്ക് എന്ത് സംഭവിക്കുമെന്ന് ആലോചിച്ചു നോക്കുക. ഒരുപക്ഷേ അവൻ നമ്മെക്കുറിച്ച് കരുതുകയില്ലായിരിക്കും. ദൈവം നിങ്ങളുടെ സാഹചര്യം പരിഗണിക്കുവാനും നിങ്ങളെ വിശദമായി പരിശോധിക്കുവാനും നിങ്ങൾ ആഗ്രഹിക്കുന്നുണ്ടോ? അവൻ നിങ്ങളെ തല മുതൽ കാൽ വരെ പരിശോധിക്കുവാനും ആന്തരികമായും ബാഹ്യമായും നിങ്ങൾ എന്താണെന്ന് പരിഗണിക്കുവാനും നിങ്ങൾ ആഗ്രഹിക്കുന്നുണ്ടോ? ഈ വിധത്തിൽ ദൈവം നമ്മെ പരിശോധിച്ചാൽ നമ്മിൽ ആരും അവനെ പ്രീതിപ്പെടുത്തുകയില്ല. എന്നാൽ ദൈവത്തിന്റെ ഏകാഗ്രതയും ഔദാര്യവും നിമിത്തം നമുക്ക് അവനിൽ നിന്ന് അനുഗ്രഹം ലഭിച്ചിരിക്കുന്നു.

പൗലൊസിനെ കൊരിന്ത്യരോട് താരതമ്യം ചെയ്യുവാൻ ഞാൻ നിങ്ങളോട് ആവശ്യപ്പെടുന്നു. പൗലൊസ് ലളിതനായ ദൈവത്തെപ്പോലെയായിരുന്നു, എന്നാൽ കൊരിന്ത്യർ വളരെ സങ്കീർണരായിരുന്നു. പൗലൊസ് ഏകാഗ്രനും ലളിതനുമായിരുന്നില്ലായിരുന്നെങ്കിൽ, അവൻ ഒരുപക്ഷേ കൊരിന്ത്യരെ കുറിച്ച് മറക്കുകയും, മേലാൽ അവരുടെ ഇടയിൽ ശുശ്രൂഷ ചെയ്യുവാൻ തയ്യാറാകുകയും ചെയ്യുമായിരുന്നില്ല. പൗലൊസിന്റെ മനസ്സാക്ഷി കൊരിന്ത്യരോട്, താനും തന്റെ സഹപ്രവർത്തകരും ദൈവത്തിന്റെ ഏകാഗ്രതയിൽ പെരുമാറിയെന്ന് സാക്ഷ്യപ്പെടുത്തി. അതിനാൽ, അവർക്ക് കൊരിന്ത്യരോട് ഉദാരമനസ്കത കാണിക്കുവാനും അവർക്ക് എന്തും നൽകുവാൻ സന്നദ്ധരായിരിക്കുവാനും കഴിഞ്ഞു. ആ വിശ്വാസികളോട് പൗലൊസും സഹപ്രവർത്തകരും ഉദാരമനസ്കരും ഔദാര്യം നിറഞ്ഞവരുമായിരുന്നു.

ഏകാഗ്രത എന്ന് വിവർത്തനം ചെയ്തിരിക്കുന്ന ഗ്രീക്ക് പദം അർഥ സമ്പന്നമാണ്. ഏകാഗ്രത അല്ലെങ്കിൽ ലാളിത്യം എന്ന വാക്കുകൾ മതിയായ വിവർത്തനമല്ല. ഈ വാക്ക് ഉദാരത, വിശാലചിത്തത, ഔദാര്യം, നൽകുവാനുള്ള

സന്നദ്ധത എന്നിവയെ സൂചിപ്പിക്കുന്നു. വിവാഹിതനായ ഒരു സഹോദരൻ ലളിതനാണെങ്കിൽ, അവൻ ഭാര്യയോട് വളരെ ഉദാരനായിരിക്കും—അവൾഎന്ത്ചെയ്താലും, അവൾ തന്നോട് എങ്ങനെ പെരുമാറിയാലും. എന്നിരുന്നാലും, ഒരു സഹോദരൻ സങ്കീർണനാണെങ്കിൽ, അയാൾ ഭാര്യയോട് കർശനമായ രീതിയിൽ ഇടപെടും.

ദൈവത്തിന്റെ ഏകാഗ്രതയിൽ സ്വയം നടത്തിയ ഒരുവനായിരുന്നു പൗലൊസ്. അവൻ ദൈവത്തെ യഥാർഥമായി അനുകരിക്കുന്നവനും ദൈവത്തിൽ ജീവിച്ചവനുമായിരുന്നു. ദൈവം ലളിതനാണ്, പൗലൊസും ലളിതനായിരുന്നു. ദൈവം ഉദാരനാണ്, പൗലൊസും ഉദാരനായിരുന്നു. ദൈവത്തിന്റെ ഏകാഗ്രതയിൽ അവൻ പെരുമാറി.

ഏകാഗ്രതയും ഔദാര്യവും ഉള്ളപ്പോൾ നാം ആത്മാർഥതയുള്ളവരുമായിരിക്കും. "എന്ന് ആത്മാർഥയോടെ" എന്ന വാക്കുകൾ ഉപയോഗിച്ച് ഒരു കത്ത് അവസാനിപ്പിക്കുന്നത് സർവസാധാരണമാണ്. യഥാർഥത്തിൽ, ഇത് സാധാരണയായി അർത്ഥമാക്കുന്നത് "എന്ന് രാഷ്ട്രീയതയോടെ" അല്ലെങ്കിൽ, അങ്ങേയറ്റം, "എന്ന് വിനയപൂർവം" എന്നാണ്. ഒരു വ്യക്തി സങ്കീർണതകൾ നിറഞ്ഞ ഒരു നീണ്ട കത്ത് എഴുതുകയും അവസാനം "എന്ന് ആത്മാർഥയോടെ" എന്ന് പറയുകയും ചെയ്തേക്കാം. അത് ആത്മാർഥതയല്ല. നിങ്ങൾ മറ്റുള്ളവരോട് ഒരു ഏകാഗ്രമായ രീതിയിലും ഔദാര്യത്തോടെയും പെരുമാറുമ്പോൾ മാത്രമേ നിങ്ങൾക്ക് "എന്ന് ആത്മാർഥയോടെ" എന്ന് പറയുവാൻ കഴിയുകയുള്ളൂ. പൗലൊസ് ദൈവത്തിന്റെ ഏകാഗ്രതയിൽ പെരുമാറിയതിനാലും ഉദാരമനസ്കനായതിനാലും അവൻ യഥാർഥത്തിൽ ആത്മാർഥനായിരുന്നു.

സമ്പൂർണവും വിശ്വസ്തവുമായി പൗലൊസിനെ അനുകരിക്കുന്നവൻ ആണ് ഞാൻ എന്ന് തീർച്ചയായും ഞാൻ അവകാശപ്പെടില്ല. എന്നാൽ വർഷങ്ങളിലുടനീളം ലാളിത്യത്തിലും ഏകാഗ്രതയിലും ആത്മാർഥതയിലും ഔദാര്യത്തിലും പെരുമാറുവാൻ കർത്താവിന്റെ കരുണയാലും കൃപയാലും ഞങ്ങളെ പരിശീലിപ്പിക്കുകയും പഠിപ്പിക്കുകയും സഹായിക്കുകയും ചെയ്തിട്ടുണ്ടെന്ന് എനിക്ക് സാക്ഷികരിക്കുവാൻ കഴിയും. ഞാൻ രാഷ്ട്രീയം കളിക്കുന്നില്ലെന്ന് കർത്താവിന്റെ മുമ്പാകെ എനിക്ക് നിങ്ങളോട് സാക്ഷ്യപ്പെടുത്തുവാൻ കഴിയും.കൂടാതെ, ഞാൻ ഒരു ലളിതനായ വ്യക്തിയാണെന്ന് അവന്റെ മുമ്പാകെ എനിക്ക് പറയുവാൻ കഴിയും. എന്റെ "അതെ" എന്നത് "അതെ"-യും, എന്റെ "ഇല്ല" എന്നത് "ഇല്ല"-യും ആണ്.

### *ജഡിക ജ്ഞാനത്തിലല്ല എന്നാൽ ദൈവകൃപയാൽ*

വാക്യം 12-ൽ പൗലൊസ് ജഡിക ജ്ഞാനത്തെയും ദൈവകൃപയെയും സൂചിപ്പിക്കുന്നു. ജഡിക ജ്ഞാനം ജഡത്തിലുള്ള മനുഷ്യ ജ്ഞാനമാണ്. ദൈവത്തിന്റെ കൃപ ദൈവത്തിനു തുല്യമായിരിക്കുന്നതുപോലെ, ഇത് നമുക്ക് തുല്യമാണ്. ദൈവത്തിന്റെ കൃപ നമ്മുടെ ആസ്വാദനത്തിനുള്ള ദൈവമാണ്. വാക്യം 12-ലെ കൃപ വാക്യം 11-ലെ ദാനമാണ്, അത് അപ്പൊസ്തലന്മാർക്ക് അവരുടെ കഷ്ടപ്പാടുകളിൽ പുനരുത്ഥാനത്തിന്റെ അനുഭവത്തിനായി ലഭിച്ചതാണ്.

ലളിതവും ഏകാഗ്രവും ആയിരിക്കുക എന്നത് പുനരുത്ഥാനത്തിലെ ജീവന്റെ ആവിഷ്കാരത്തിന്റെ ഒരു വശമാണ്. നാം സ്വയം അല്ല, പുനരുത്ഥാനത്തിലും പുനരുത്ഥാനത്തിന്റെ ദൈവത്തിലും ജീവിക്കുമ്പോൾ മാത്രമേ നാം ലളിതരായിരിക്കുകയുള്ളൂ. പുനരുത്ഥാനത്തിൽ ജീവിക്കുമ്പോഴാണ് നാം

ദൈവത്തെ അനുകരിക്കുന്നവർ ആയിരിക്കുന്നത്. മറ്റുള്ളവർ നമ്മോട് രാഷ്ട്രീയം കളിക്കുമെങ്കിലും നാം അവരോട് രാഷ്ട്രീയം കാണിക്കില്ല. സങ്കീർണതകളുടെ കെണിയിൽ നിന്ന് സ്വയം മാറുവാൻ ശ്രമിക്കുന്നതാണ് നാം ഏറ്റവും അധികം ചെയ്യുന്നത്. ദൈവത്തിന്റെ ഏകാഗ്രതയിലും ആത്മാർഥതയിലും പെരുമാറുവാൻ പൗലൊസിനെ അനുഗമിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഇത് പുനരുത്ഥാനത്തിന്റെ ആവിഷ്കാരത്തിന്റെ ഒരു വശമാണ്.

ദൈവത്തിന്റെ ഏകാഗ്രതയിലും ആത്മാർഥതയിലും ജീവിതം നയിച്ചാൽ മാത്രമേ നമുക്ക് ക്രിസ്തുവിന്റെയും കൃപയുടെയും ശുശ്രൂഷകരാകാൻ കഴിയുകയുള്ളൂ. ഇങ്ങനെ സംരചിക്കപ്പെട്ടവരെയാണ് ഇന്ന് സഭയിൽ ആവശ്യം. മൂപ്പന്മാരും ശുശ്രൂഷിക്കുന്നവരും ഇത്തരത്തിലുള്ള ആളുകളായിരിക്കണം. കർത്താവിന്റെ പ്രത്യുദ്ധാരത്തിന്റെ ചരിത്രം നിങ്ങൾ പരിഗണിക്കുകയാണെങ്കിൽ, രാഷ്ട്രീയം കളിക്കുന്നവരും ദൈവത്തിന്റെ ഏകാഗ്രതയിൽ ജീവിക്കാത്തവരും കർത്താവിന്റെ പ്രത്യുദ്ധാരത്തിനും തങ്ങൾക്കും നാശവും നഷ്ടവും വരുത്തുന്നത് നിങ്ങൾ കാണും. ദൈവത്തിന്റെ ഏകാഗ്രതയിൽ യഥാർഥത്തിൽ ജീവിച്ചവർ മാത്രമേ പ്രത്യുദ്ധാരത്തിന് ലാഭമായിരുന്നിട്ടുള്ളൂ. ഇതുമായി ബന്ധപ്പെട്ട്, ഞങ്ങൾ ചില പ്രധാന പാഠങ്ങൾ പഠിച്ചു. പുനരുത്ഥാനത്തിൽ ജീവിക്കുക എന്നത് ദൈവത്തിന്റെ ഏകാഗ്രതയിൽ ജീവിക്കുക എന്നതാണ്. പുനരുത്ഥാനത്തിൽ എങ്ങനെ ജീവിക്കാമെന്ന് 1 കൊരിന്ത്യർക്കെഴുതിയ ലേഖനത്തിന്റെ തുടർച്ചയായി, 1:12-14-ൽ നാം കാണുന്നു. (*Life-study of 2 Corinthians,* 2nd ed., pp.9-15)